KOTTAYAM PUBLIC LIBRARY

Call No. M..3... Acc. No. 8695

...or

Title

D.M. 416

# തൂപ്പുകാരി.

86953
KOTTAYAM PUBLIC LIBRARY, KOTTAYAM.

ഇന്ദിരാസദനം
ജി. പ്രഭാകരൻ നായർ.

ഒന്നാംപതിപ്പ്
കോപ്പി 1000
1125 തുലാം

പ്രസാധകന്മാർ,

ശ്രീ നരസിംഹവിലാസം ബുക്ക് ഡിപ്പോ
തുറവൂർ A. O. കുത്തിയതോട് P. O.

പാങ്കൽ പ്രസ്സ്, കൊച്ചി.

വില 10ണ.

# സഹൃദയസമക്ഷം.

പട്ടിണിയുടെ പൊട്ടക്കുടിലിൽ ഇടതിങ്ങിയ നരകയാതനകളുടെ നടുവിൽനിന്നും, വെളിച്ചം തിങ്ങുന്ന സഹൃദയലോകത്തേക്കു്, അടിച്ചൂലും ചവറുകൊട്ടയും കൈയിലേന്തി, ഭീതിയാൽ വെളുത്ത മുഖത്തോടെ, യാഥാർത്ഥ്യങ്ങളുടെ പരുപരുത്ത പാതയിൽക്കൂടി ഇടറുന്ന പാദങ്ങൾ മുന്നോട്ടുവച്ചു് എൻെറ തൂപ്പുകാരി വരികയാണു്. നിങ്ങൾ അവളെ സ്വീകരിക്കുമെങ്കിൽ അതിൽക്കവിഞ്ഞ ചാരിതാർത്ഥ്യം എനിക്കില്ല.

നിങ്ങളുടെ വിനീതനായ

ഗ്രന്ഥകർത്താ.

D.M. 416

# ഉപ്പുകാരി

## I

പൊട്ടിത്തെറിക്കുന്ന ആകാംക്ഷയുടേയും, കരൾകരളുന്ന വേദനയുടേയും വൻഭാരവും പേറിക്കൊണ്ട് മുന്നോട്ട് ഇഴഞ്ഞിഴഞ്ഞ് പോകുന്ന നീണ്ട നിമിഷങ്ങളെ എണ്ണിക്കൊണ്ട് ആ കുടിലിന്റെ വാതിൽക്കൽ ഇരിക്കയാണവൾ. ഇടയ്ക്കിടയ്ക്ക് അകത്തുനിന്നും ആ നീണ്ട ചുമകൾ—കിടുകിടുപ്പിക്കുന്ന ഭയങ്കരതയോടെ. അതു കേൾക്കുമ്പോൾ അവൾ ഞെട്ടും. ആശയോടും ആശങ്കയോടും കൂടെ അവൾ അകത്തേയ്ക്ക്—ആ ഉറഞ്ഞ ചൂടിക്കട്ടിലിൽ ദ്രവിച്ച പായിൽ കിടന്നു പിടയ്ക്കുന്ന ആ പേക്കോലത്തെ—അവളുടെ വാത്സല്യനിധിയായ അച്ഛനെ—നോക്കും. പെട്ടെന്നു തിരിയും. അങ്ങനെ ആ രൂപത്തെ അതേപടി നോക്കിക്കൊണ്ടിരിക്കുവാൻ അവളുടെ കരളിനു കരുത്തില്ല.

വാസ്തവത്തിൽ അതൊരു പരീക്ഷണഘട്ടംതന്നെയായിരുന്നു. മകരമാസത്തിലെ മരംകോച്ചുന്ന തണുപ്പ്, ഓല ദ്രവിച്ച് ഈർക്കിൽ മാത്രംശേഷിച്ച ആ കുടിലിലേയ്ക്ക് നുഴഞ്ഞു കയറി. കണ്ണിൽ കുത്തിയാലറിയാത്ത കുററാക്കുററിരുട്ട്. അവയെ തുളച്ച് ചുററുപാടും അല്പാല്പം പ്രകാശം വിതറുന്ന ഒരു കൊച്ചു വിളക്ക് ആ ചൂടിക്കട്ടിലിന്റെ അരികിൽ. ആ നിശയുടെ നിശ്ശേഷ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട്, ജീവിതവും മരണവും തമ്മിൽ പകിട കളിക്കുന്ന ആ വൃദ്ധന്റെ ഉള്ളിൽനിന്നും പുറപ്പെടുന്ന പെരുമ്പറപോലെയുള്ള ചുമ.

നിത്യതയുടെ ഉജ്ജ്വലതയെ ആലേഖനം ചെയ്യുന്ന നിശ്ചലഗംഭീരനായ അചല രാജനെപ്പോലും വിറപ്പിക്കുന്ന ഒരു കൊടുങ്കാററു്. അതിൽ ആ കൊച്ചുകുടിൽ ഊഞ്ഞാൽപോലെ ആടുന്നതായി അവൾക്കു തോന്നി. വീണ്ടും ആ ചുമ. നിസ്സഹായതയോടെ അവൾ ആ ഇരുൾ നിറഞ്ഞ അന്തരീക്ഷത്തിലേയ്ക്കു് തുറിച്ചുനോക്കി. അവിടെനിന്നവൾക്കൊന്നും പ്രതീക്ഷിക്കുവാനില്ല. എല്ലാം അവളിൽനിന്നും അകന്നു നിൽക്കുകയാണെന്നവൾക്കു തോന്നി.

അകലെ അനന്തമായ ആഴിയുടെ അതിവിസ്തൃതമായ മുകൾപ്പരപ്പിൽക്കൂടി ഇഴഞ്ഞുപോകുന്ന ആ ഊക്കൻ ജലവാഹത്തെ അവൾ നിരുന്മേഷയായി നോക്കി. അതിന്നുള്ളിലെല്ലാം സുഖസമൃദ്ധിയുടെ അട്ടഹാസങ്ങളാണു് മാറെറാലിക്കൊള്ളുന്നതു്. അല്ലലെന്തെന്നു് അതിലിരിക്കുന്നവക്കു് അറിഞ്ഞുകൂടാ. അവരെല്ലാം പണക്കാരാണു്. ആ പണക്കോട്ട അവരെ അതിൽനിന്നും വേർതിരിച്ചു നിർത്തിയിരിക്കയാണു്. ഈ വിശാലമായ വിശ്വത്തിൽ അവക്കുമാത്രം സുഖമായി ജനിക്കുവാനും വളരുവാനും വികസിക്കുവാനും അവകാശമുണ്ടു്—ഇടമുണ്ടു്. അവരുടെ അധികാരപരിധിയെ ആക്കും ചോദ്യം ചെയ്തുകൂടാ.

പരിഷ്കൃതനായ മനുഷ്യൻ നിർമ്മിച്ച വിചിത്രമായ സാമൂഹ്യനിയമം!

മനുഷ്യൻ പരിഷ്കൃതനാണു്. അനന്തമായ ആഴിയുടെ അടിത്തട്ടിൽ ഹർമ്മ്യങ്ങൾ പണിയിച്ചു് അവിടം വിഹാരരംഗങ്ങളാക്കുകയും; ഞൊടിയിടകൊണ്ടു് മഹാസാമ്രാജ്യങ്ങൾ തകർത്തു് അവിടെയെല്ലാം ജയക്കൊടി നാട്ടി അടുത്ത നക്ഷത്രഗ്രഹങ്ങളിലേയ്ക്കുപോലും പുറപ്പെട്ടു് അവിടം കീഴടക്കാൻ ശ്രമിക്കുകയും ചെയ്യുന്ന മനുഷ്യൻ—ശാസ്ത്രത്തിന്റെ അങ്ങേഅററംവരെ കയറി, ഫലസമൃദ്ധിയേറിയ വിശാലരാജ്യ

ങ്ങൾ ഞൊടിയിടകൊണ്ടു മരുഭൂമിയാക്കിത്തീർക്കുന്നതിനു കഴിവുള്ള മനുഷ്യൻ—അനേക തലമുറകളിലായി അവൻ ആർജ്ജിച്ച ഈ സംസ്കാരമെല്ലാം—കേവലം മൃഗങ്ങളുടെ മുമ്പിൽ തലകുനിച്ചു തന്റെ പരാജയം സമ്മതിക്കുന്ന ഒരൊററ സംഗതിയാണു് അവൻ നിർമ്മിച്ച സാമൂഹ്യ നിയമം!

ഒരുക്കൂട്ടം ആളുകൾ ഇരുളിൽ ജനിച്ച് ഇരുളിൽ വളന്ന് അതിൽത്തന്നെ നാശമടയുന്നു. അവരെ തിരിഞ്ഞുനോക്കാതെ—അവരും ഈ വിശാല വിശ്വത്തിലെ മത്ത്യപദത്തിന് അവകാശികളാണെന്നു കരുതാതെ—അവക്കു വളരുവാനും വികസിക്കുവാനും ഇവിടത്തിൽ ഇടമനുവദിക്കാതെ അവരെ ആ ഇരുളിലേക്കുതന്നെ തള്ളിവിടുന്ന—ഒരുകൂട്ടരുടെമാത്രം സുഖസൗകര്യാദികളെ ലാക്കാക്കി മററവരുടെമേൽ അടിച്ചേൽപിക്കുന്ന—എല്ലാവർക്കും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും എന്ന പൊള്ളയായ വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്ന — ഇന്നു ലോകത്തിന്റെ ഏറിയ ഭാഗത്തും നിലവിലിരിക്കുന്ന—നശിഞ്ഞുനാറിയ ആ സാമൂഹ്യ നിയമം—അവയാണു് പരിഷ്കൃതനെന്നഭിമാനിക്കുന്ന മനുഷ്യനെ മൃഗങ്ങളുടെ മുമ്പിൽ മുട്ടുകുത്തിക്കുന്നതു്.

ലോകത്തിലെങ്ങുംജനതതിമുഴുവൻ ഈനിയമത്തിനെതിരായി പടവെട്ടുകയാണു്. അവക്കും ജീവിക്കണം ഇവിടത്തിൽ. അവരുടെയും ജീവിതാവശ്യങ്ങൾ നിറവേററപ്പെടണം. അതിനെതിരായി അവരെ വരിഞ്ഞുനിത്തുന്ന ഏതു സാമ്രാജ്യത്വശക്തിയും അവരുടെ ആവശ്യത്തിനുവേണ്ടിയുള്ള സമരത്തിൽ തകന്നു തരിപ്പണമാകും. അതവക്കറിയാം. മർദ്ദിതരായി ഒരു കൂട്ടം ജനങ്ങൾ ഇനിയും ഇവിടെ അവശേഷിക്കുവാൻ പാടില്ല. അതാണവരുടെ നിശ്ചയം.

X X X X

വീണ്ടും ആ ചുമ!

ഉൽകണ്ഠയോടെ അവർ ഉമ്മറത്തിലേയ്ക്കു നോക്കി. അവർക്കറിയാം അതന്നവിടെ സംഭവിക്കുമെന്ന്. സംഭവിച്ചു കഴിയും. ശസ്ത്രക്രിയയ്ക്കുവേണ്ട കരുക്കളുമായി രോഗിയെ സമീപിക്കുന്ന വിദഗ്ദ്ധനായ ഡോക്ടറും ആ മരണത്തിന്റെ മുമ്പിൽ ചൂളിപ്പോകുന്നു. ആ ശസ്ത്രക്രിയയുടെ ബാലപാഠംപോലും വശമില്ലാതിരുന്ന അവർ എങ്ങിനെ അതിന്റെ മുമ്പിൽ ചൂളാതിരിക്കും?

അയൽ പക്കത്തുകാരിൽ ചിലർ പറഞ്ഞു അന്നതന്നെ അയാൾ—അവളുടെ അച്ഛൻ—ഈ വിശാലമായ വിശ്വത്തിൽ അവർക്ക സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ഏക വ്യക്തി — മാതൃഹീനയായ അവളെ തീററിപ്പോററിക്കൊണ്ടു വന്ന വാത്സല്യനിധിയായ അവളുടെ അച്ഛൻ — മരിക്കുമെന്ന്.

അതു കേട്ടപ്പോൾ അവളുടെ അകം തകർന്നുപോയി. കരളിൽ ഒരു തീപ്പൊള്ളൽ ഉണ്ടായതുപോലെ അവർക്കുതോന്നി. അവർക്ക തടുക്കാനാവാത്ത അതു്—ഏതാനും നിമിഷങ്ങൾക്കകം അഥവാ ഏതാനും നാഴികകൾക്കകം—സംഭവിക്കും. ഭയങ്കരമായ ആ യാഥാർത്ഥ്യത്തെയാണ് ജീവിതത്തിൽ അതിനുമുമ്പു് അല്പമെന്തെന്നറിഞ്ഞിട്ടില്ലാത്ത അവൾ അഭിമുഖീകരിക്കേണ്ടതു്!

എല്ലാവരും വെറുക്കുന്ന—ഭയന്നു ഞെട്ടലോടെ പിന്മാറുന്ന—എല്ലാവർക്കും ഉള്ള—മനുഷ്യശക്തിക്കതീതമായ ആ മരണത്തെ പ്രതീക്ഷിച്ചു കൊണ്ടാണ് ആ കോലം കട്ടിലിൽ കിടക്കുന്നതു്. അതിന് ഒരുപക്ഷെ ആ മരണം ആശ്വാസമായി തോന്നിയേക്കാം. എന്നാൽ ആ മകൾക്ക് അതു് ഓക്കുകകൂടി സാദ്ധ്യമല്ല.

എന്നാലും അതു സംഭവിക്കുമെന്നവർക്കറിയാം. അതു വിധിയാണത്രെ!

"ആവൂ!" അകത്തുനിന്നൊരു ശബ്ദം. അവൾ ഞെട്ടലോടെ എഴുന്നേററു് അകത്തേയ്ക്കോടി. ആ വൃദ്ധൻ കണ്ണു തുറന്നു കിടക്കയാണു്.

"അച്ഛാ!"—അവൾ ആശയോടെ വിളിച്ചു.

നിസ്സഹായതയും നൈരാശ്യവും നിഴലിക്കുന്ന നയനങ്ങൾ അയാൾ അവളുടെ നേർക്കയച്ചു. അല്ലാതെ ആ വിളിയ്ക്കു് പ്രതിശബ്ദമില്ല.

"അച്ഛാ!"— വീണ്ടുമവൾ വിളിച്ചു.

നിശ്ശബ്ദത! നിശ്ചലത!! അവിടം മുഴുവൻ.

ഈ ലോകത്തുള്ള മനുഷ്യരെല്ലാം അവളുടെ ശത്രുക്കളാണെന്നവൾക്കുതോന്നി. അല്ലെങ്കിൽ എന്തുകൊണ്ടു് അപ്പോൾ അവളെ സഹായിക്കാൻ ആരും എത്തുന്നില്ല?

വെളിയിൽ ഇടതിങ്ങി നിന്നിരുന്ന ഇരുളിലേയ്ക്കവൾ തുറിച്ചുനോക്കി. അവിടെനിന്നവൾക്കു യാതൊരു സഹായവും പ്രതീക്ഷിക്കാനില്ല.

"മാ....ത....വീ—" വീണ്ടും അയാൾ വിളിച്ചു. അവൾ ആ രൂപത്തെത്തന്നെ സൂക്ഷിച്ചുനോക്കി. ഒരു പ്രസന്നത ആ മുഖത്തു വ്യാപിച്ചിരുന്നു,—അണയാറായ ദീപത്തിന്റേതുപോലെ.

"അച്ഛാ"—അവൾ കണ്ണുനീരിൽക്കൂടി വിളിച്ചു.

"എ....ടീ....ഞാൻ....പോ....ണു....നി....ന....ക്കു്....ആ....രു....മി...ല്ല....ല്ലോ....കു....ഞ്ഞേ....ഇ....വി....ടെ." അയാൾ അസ്വാധീനതയോടെ ഒരു കൈ അല്പം പൊക്കിയിട്ടു് മറേറ കൈകൊണ്ടു് ആ കറുത്തിരുണ്ട തലയണ പൊക്കി എന്തോ തൊട്ടു കാണിച്ചു.

കണ്ണനീരിനിടയിൽകൂടി നോക്കിയ അവൾക്കതു കാണാൻ സാധിച്ചില്ല.

"ഇവിടെ....."വീണ്ടും അയാൾ പറയാൻ തുടങ്ങി. പക്ഷെ നീണ്ട ആ ചുമ അതിനനുവദിച്ചില്ല. അതിൻെറ പിമ്പേ കുറെ രക്തവും കഫവും. അവൾ അമ്പരന്നുപോയി.

"അച്ഛാ!—"അവിടെ നിന്നുകൊണ്ടവൾ വീണ്ടും വിളിച്ചു. പ്രതിശബ്ദമില്ല. അവൾ ആ ശരീരത്തോടു് ഒന്നുകൂടി അടുത്തു. ഹൃദയത്തുടിപ്പടക്കിക്കൊണ്ടു് അവൾ കുനിഞ്ഞു് ആ മുഖത്തു് ഒന്നുനോക്കി.

അല്പസമയംമുമ്പു് അവിടെ കണ്ട പ്രഭയെല്ലാം മങ്ങിമറഞ്ഞുപോയി. അവൾ ആ ശരീരത്തെ തൊട്ടുനോക്കി. തണുത്തു മരവിച്ചിരുന്നു. അവൾ ആ കണ്ണിൽ സൂക്ഷിച്ചുനോക്കി. അതിൽ കൃഷ്ണമണി അതിൻെറ സ്ഥാനത്തു് ഇല്ലായിരുന്നു.

"അച്ഛാ!"—അവൾ വീണ്ടുംവിളിച്ചു. നിശ്ശബ്ദത. അവൾക്കു മനസ്സിലായി അതു സംഭവിച്ചെന്നു്. ആദ്യമായി അവൾ ഒരു മരണം കാണുകയാണു്. ഒരു നിലവിളിയോടെ അവൾ പിറകോട്ടു മറിഞ്ഞു.

പട്ടമരക്കൂട്ടത്തിലിരുന്ന ഏതോ ചില രാപ്പക്ഷികൾ ചിലച്ചുകൊണ്ടു പറന്നുപോയി. തെക്കുനിന്നടിച്ച ഒരു വല്ലാത്ത കാററു് വളർന്നുനിന്ന ആ മുളക്കൂട്ടത്തിൽ വന്നടിച്ചു് ഒരു പരുപരുത്ത ശബ്ദമുണ്ടാക്കി. അകലെ ഒരു ശ്വാനൻ മോങ്ങാൻ തുടങ്ങി.

X X X X

അങ്ങനെ അവളെ തനിച്ചു് ഈലോകത്തിൽ ആക്കിയിട്ടു് ആ വാത്സല്യനിധിയായ അച്ഛൻ—ആശ്വാസവും വിശ്വാസവും

ആനന്ദവും ഉൾക്കൊള്ളുന്ന പുതിയൊരു ലോകത്തേയ്ക്കു പോയി. അതു വിധിയാണു്!

അതുപോലെയുള്ള വിധിയുടെ മുമ്പിൽ പലർക്കും പല സങ്കടങ്ങളും ബോധിപ്പിക്കാനുണ്ട്. അവ ശ്രദ്ധിച്ചു പരിഹരിച്ചിരുന്നെങ്കിൽ!

എന്നാൽ തോരാത്ത കണ്ണുനീർ മാത്രമേ ആ വിധിയുടെ മുമ്പിൽ അവർക്ക് അർപ്പിക്കുവാനുള്ളു. കാരണം നമ്മെക്കാൾ ഉപരിയായി ഒന്ന് ഈലോകത്തുണ്ട്—അതിന്റെ മുമ്പിൽ നാമെപ്പോഴും തല കുനിക്കണം. അതാണു്.

സുഖസമൃദ്ധിയുടെ മടിത്തട്ടിലിരുന്നു് മതിരോത്സവം നടത്തുന്നവനും, നീറുന്ന നിരാശകൊണ്ടു് മനസ്സുരുകുന്നവനും ആ വിധിയോട് പലതും അപേക്ഷിക്കുന്നുണ്ട്. എന്നാൽ ആദ്യത്തേവനോടായിരിക്കും അതു് ആനുകൂല്യം കാണിക്കുക. അതു് സർവ്വസാധാരണമാണു്. അതിൽ പരിഭവിച്ചിട്ടുകൊണ്ടെന്തുഫലം?

X X X X

പുലന്നു.

അയൽപക്കത്തുകാരിൽ ചിലർവന്നു് ആ ശവം മറവുചെയ്യുന്നതിനുള്ള ശ്രമമായി. അവൾക്കതിലൊന്നിലും ശ്രദ്ധയില്ല. വികാരമില്ലാത്ത വിഗ്രഹംപോലെ അവളതെല്ലാം നോക്കിക്കൊണ്ടുനിന്നു. രണ്ടുപേർ ആ ശവശരീരം കട്ടിലിൽനിന്നിറക്കി നിലത്തുകിടത്തി. അവൾക്കതു സഹിച്ചില്ല—ആ നല്ല അച്ഛനെ വെറും നിലത്തുകിടത്തിയതു്.

അതുവരെ കെട്ടിനിന്നിരുന്ന ആ ചുടുകണ്ണീർ ധാരധാരയായി ഒഴുകി. അവളെ പലരും ആശ്വസിപ്പിച്ചു. ആ തകർന്ന ഹൃദയത്തിനു് എന്തൊരാശ്വാസമാണു് ലഭിക്കുക. ഈലോകത്തിൽ തനിക്കാരും ഉള്ളതായി അവൾ കണ്ടില്ല. തനിക്കൊ

രു പ്രവൃത്തിയും ചെയ്യുതീർക്കാനുള്ളതായി അവൾക്കു തോന്നിയില്ല. തന്നെ നിരാധാരയാക്കി അച്ഛനെ അപഹരിച്ചുകൊണ്ടു പോയ ദുർവ്വിധിയോടു് അവൾക്കു് അടക്കവയ്യാത്ത അമർഷം തോന്നി. നിരാശയുടെ ഉഗ്രമായ കൊടുങ്കാററിൽ — ഭീതിയുടെ ഇടിവെട്ടലിൽ—തിക്കിത്തിരക്കുന്ന ഇരുൾകൊണ്ടുനിറഞ്ഞ ഭാവിയിലേക്കു് ക്രമേണ അവൾ എത്തിനോക്കി.

ഒരു നടുക്കം. അതാണതിൻെറ ഫലം. വിവിധങ്ങളായ വികാരങ്ങളുയർന്നുവന്നു് ആ ഹൃദയത്തെ വീർപ്പുമുട്ടിക്കുന്നതായി അവൾക്കുതോന്നി.

അവിടെ അപ്പോഴും അയൽവാസികൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.

"അവളെ ഇവിടെനിന്നു മാററണം"—ഒരുത്തൻ പറഞ്ഞു.

"അല്ലെങ്കിൽ കാര്യമൊന്നുംതന്നെ നടക്കുല്ല"--മറെറാരാളുടെ വിദഗ്ദ്ധാഭിപ്രായം!

പോകേണ്ടതു പൊയ്ക്കഴിഞ്ഞ ആ ശരീരത്തിൻറടുത്തു് അവൾക്കിരിക്കാൻ പാടില്ലത്രേ! അവളെ അതുവരെ താലോലിച്ചു വളർത്തിയ ആ അച്ഛൻെറ ശവശരീരംപോലും അവൾക്കു കാണുവാൻ പാടില്ല! സ്നേഹശൂന്യരായ അവരെയെല്ലാമവൾ വെറുത്തു. അവൾ ഒന്നു നിശ്ചയിച്ചുറച്ചു--ആ പിതാവിൻെറ ഭൗതികാവശിഷ്ടം ചിതയിൽ എരിഞ്ഞെരിഞ്ഞു് അപ്രത്യക്ഷമാകുന്നതുവരെ അതിനെ കണ്ടുകൊണ്ടുതന്നെയിരിക്കണമെന്നു്. പലരും തടുത്തു എങ്കിലും ഒടുവിൽ അവൾതന്നെ ജയിച്ചു.

അവർ ആ മൃതദേഹവുമെടുത്തുകൊണ്ടു് മുനിസിപ്പാലിററി വക ശ്മശാനത്തിലേക്കു നടന്നു. നനയുന്ന നയനങ്ങളോടെ—കത്തിക്കരിയുന്ന കരളോടെ—അവൾ അവരുടെ പിറകേ നടന്നു.

"ഇക്കോരൻെറ പെണ്ണാ അതു്"— ആരോ ഒരാൾ വഴിയിൽ നിന്നുകൊണ്ടു അവളെ ചൂണ്ടിക്കൊണ്ടു് മററൊരാളോടു പറഞ്ഞു.

"ഏതു ഇക്കോരൻ"— അയാൾ ചോദിച്ചു.

"ഇവിടെ റോഡു തുണ്ടു നടന്നിരുന്നില്ലേ—അയാൾ"—

അവൾ അതൊന്നും കേട്ടില്ല. പ്രേതലോകത്തിൽക്കൂടി നടക്കുന്നതുപോലെയാണവൾക്കു തോന്നിയതു്. താൻ കാണുന്ന മനുഷ്യരെല്ലാം പ്രേതങ്ങളാണെന്നും ഇവിടം മുഴുവൻ പ്രേതലോകമാണെന്നും അവൾ വിശ്വസിച്ചു. മരിച്ചുപോയ അവളുടെ അച്ഛൻെറ രൂപം അവൾ ഒന്നു സങ്കല്പിച്ചു—അദ്ദേഹം മാത്രം ഒരു മനുഷ്യൻ ഈ ലോകത്തിൽ. അതു പൊയ്പ്പോയി. ബാക്കിയുള്ളവരെല്ലാം പ്രേതങ്ങൾ. അവരെല്ലാം അവളുടെയടുത്തുതന്നെയുണ്ടു്!

ആ ചെറിയ സംഘം അവിടെ എത്തിച്ചേർന്നു. ആ ശ്മശാനം കണ്ടപ്പോൾ അവൾക്കു ഭയമായി.

കുറെ ചുള്ളിക്കമ്പുകളും പാതിയും കത്തിയ വിറകു കഷണങ്ങളും ശേഖരിച്ചു് ഒരു ചിത അവർ തയാറാക്കി ആ ശവശരീരം അതിൽ വച്ചു് ഒററത്തു് തീ കൊളുത്തി.

ഒരു നിർവ്വികാരബ്രഹ്മംപോലെ അവൾ അതു നോക്കിക്കൊണ്ടു നിന്നു. ലോകം നടുങ്ങുമാറു് ഉച്ചത്തിൽ കരയുവാൻ അവൾക്കു തോന്നി. എന്നാൽ യാതൊരു ശബ്ദവും അവളിൽ നിന്നു പുറപ്പെട്ടില്ല.

അതു് കത്തിയെരിയാൻ തുടങ്ങി. അവളുടെ സകല ആശകളും അഭിലാഷങ്ങളും എരിഞ്ഞുയരുന്ന ആ ചെന്തീച്ചിതയിൽ കത്തിയെരിയുന്നതായി അവൾ കണ്ടു. നിത്യനിദ്ര

യാൽ മുദ്രിതമായ മരണം വരിച്ച ആ പിതാവിൻെറ ചിതയുടെ മുന്നിൽ അഞ്ജലിബദ്ധയായി ആ ആത്മാവിൻെറ നിത്യശാന്തിക്കുവേണ്ടി അവൾ പ്രാർത്ഥിച്ചു.

X X X X X

സന്ധ്യ.

അടുത്തുള്ള ക്രിസ്തീയ ദേവാലയത്തിൽ നിന്നും പ്രാർത്ഥനാസമയം സൂചിപ്പിക്കുന്ന ഘണ്ടാനാദം ഉയർന്നു. പക്ഷികളും ചിലച്ചുകൊണ്ടു് അതുകളുടെ വസതികളിലേക്കു പറന്നുപോയി.

അവൾ അപ്പോഴും കിടക്കുകയായിരുന്നു. അയൽപക്കത്തെ ഒരു സ്ത്രീ അവളെ സമാധാനിപ്പിച്ചു.

"മോളേ ഇങ്ങനെ കരഞ്ഞുകൊണ്ടെത്രനാൾ കഴിക്കാനാണു്? വന്നേ-എൻെറ മോളു് ഇത്തിരി കഞ്ഞി കുടിച്ചേ"-

"വേണ്ടമ്മേ—എനിയ്ക്കുവേണ്ട. ഇനി ഞാൻ കഞ്ഞിയൊന്നും കുടിയ്ക്കേണ്ടമ്മേ—" അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു.

"അങ്ങനെ പറയാതെ—എൻെറ മോളല്ലേ"— അവർ അവളെ പിടിച്ചെഴുന്നേല്പിക്കാൻ ശ്രമിച്ചു. അവൾ ഒന്നു തിരിഞ്ഞു കിടന്നതല്ലാതെ എഴുന്നേററില്ല. ആ വൃദ്ധ പല വിധത്തിൽ ശ്രമിച്ചെങ്കിലും ഒടുവിൽ പരാജിതയായി പിൻവാങ്ങുകയാണുണ്ടായതു്.

പിന്നേയും മണിക്കൂറുകൾ മുന്നോട്ടിഴഞ്ഞിഴഞ്ഞു നീങ്ങി. പ്രഭാതം മുതൽ പ്രദോഷം വരെ വേല ചെയ്തു ക്ഷീണിച്ച ആ ഗ്രാമം നിശ്ശബ്ദതയിലാണ്ടു. പട്ടണത്തിൽ നിന്നും ചരക്കും കയററിക്കൊണ്ടു് പോകുന്ന വള്ളക്കാരുടെ വർത്തമാനം മാത്രം ഇടയ്ക്കിടയ്ക്കു കേൾക്കാം.

അവൾ എഴുന്നേററ് വെളിയിലിറങ്ങി. എങ്ങും നിശ്ശബ്ദത. അവൾ വഴിയിലേക്കിറങ്ങി ഒരു സ്ഥിരനിശ്ചയത്തോടെ നടന്നു. അവളുടെ രൂപം കണ്ടാൽ ആരുമൊന്നു ഞെട്ടും. അത്രയ്ക്കു പൈശാചികമായിരുന്നു അതു്. എല്ലാത്തിനോടും തികഞ്ഞ വെറുപ്പ്. എന്തിനേയും അസംതൃപ്തിയോടും അവിശ്വാസത്തോടും കൂടിയുള്ള നോട്ടം. ഇടയ്ക്കിടയ്ക്കു് വികൃതമായ ഒരു ചിരി.

ഏന്തയത്തുടിപ്പടക്കിക്കൊണ്ടു് അവൾ ആ ശ്മശാനത്തെ സമീപിച്ചു. അതിന്റെ കാവൽക്കാരൻ—ആ മദ്യകുംഭം—അവിടെയെങ്ങുമില്ലായിരുന്നു. അയാൾ ആ നിറഞ്ഞ നിലാവത്തു് അടുത്ത മദ്യശാലയിൽ ഇരുന്നു് ദാഹം തീർക്കുകയായിരിക്കാം. അയാൾ അവിടെ ഉണ്ടായിരുന്നെങ്കിൽ അവളുടെ വേഷം കണ്ടു തീർച്ചയായും ഭയപ്പെട്ടുമായിരുന്നു— ഒരു പക്ഷെ ജീവൻ കൂട്ടി അയാളോടു് എന്നെന്നേയ്ക്കുമായി യാത്ര പറയുമായിരുന്നു. അയാളുടെ ഭാര്യയുടേയും കുട്ടികളുടേയും വിധി ഒരുപക്ഷെ നല്ലതായിരിക്കണം.

ആ ചിതയോടടുക്കുംന്തോറും അവളുടെ ഹൃദയം ദ്രുതതരം തുടിച്ചു. ശ്വാസഗതി മന്ദീഭവിച്ചു. വീർപ്പടക്കിക്കൊണ്ടു് അവൾ അതിന്റെ സമീപത്തു ചെന്നു.

രാവിലെ കൊളുത്തിയ ആ ചിത അപ്പോഴും അണഞ്ഞിട്ടില്ല. അവളുടെ അകംപോലെ അതും നീറിക്കൊണ്ടിരിക്കുകയാണു്.

അതിന്റെ മുമ്പിൽ അവൾ സാഷ്ടാംഗം പ്രണമിച്ചു. അനന്തരം എഴുന്നേററ് മുട്ടിൽനിന്നുകൊണ്ടു് വീണ്ടും അതിനെ തൊഴുതു.

"അച്ഛാ"— അവൾ അകമഴിഞ്ഞു വിളിച്ചു.

നിശ്ശബ്ദം.

"അച്ഛാ"– അവൾ വീണ്ടും ഉച്ചത്തിൽ വിളിച്ചു.

ആ വിളി ശ്മശാനത്തിൻെറ കനത്ത കന്മതിലുകളിൽ തട്ടി പ്രതിദ്ധ്വനിച്ചു.

"അച്ഛനിനി എൻെറടുത്തു വരത്തില്ലെ"– അവൾ മന്ദമായിചോദിച്ചു.

അതിനു മറുപടി എന്നോണം അതിനടുത്തു നിന്നിരുന്ന ഇലവുമരത്തിൽ ഒരു വലിയ പക്ഷി വന്നിരുന്നു. അതിൻെറ ഭാരം കൊണ്ടു് ആ കൊമ്പു് ആടിയുലഞ്ഞു.

അവൾ തിരിഞ്ഞുനോക്കി. അതിനു മുമ്പവൾ കണ്ടിട്ടില്ലാത്ത ഒരു വലിയ പക്ഷി. ആ ഏകാന്തതയിൽ അവൾക്കു് കിട്ടിയ കൂട്ടു്.

അവൾ മുകളിലേക്കു നോക്കി. നീലാകാശത്തിൽ നിറഞ്ഞ നിരവധി താരകാഗണങ്ങൾ അവളെ നോക്കി പുഞ്ചിരിതൂകി. അവൾക്കവയോടെല്ലാം വലിയ സങ്കടം ബോധിപ്പിക്കാനുണ്ടു്– അവയോടു തന്നെയല്ല പുഷ്പിച്ചും കായ്ച്ചും നില്ക്കുന്ന ആ ചെടികളോടും വൃക്ഷങ്ങളോടും– ആ ശ്മശാനത്തിലെരിഞ്ഞു കൊണ്ടിരിക്കുന്ന ചെന്തീച്ചിതയോടും– അവയെയെല്ലാം വലയംചെയ്തിരിക്കുന്ന കന്മതില്പുകളോടും– അകലെ ആർത്തിരമ്പുന്ന അലകടലിനോടും നിശ്ചലനായി തലയുയർത്തിനില്ക്കുന്ന പർവ്വതത്തോടും– എന്നു വേണ്ട എല്ലാ ചരാചരങ്ങളോടും അവൾക്കൊരു സങ്കടം ബോധിപ്പിക്കാനുണ്ടു്. എന്നാൽ അവയിലൊന്നെങ്കിലും അതു കേൾക്കുവാൻ തിരിഞ്ഞു നില്ക്കുന്നില്ല. ലോകം മുഴുവൻ തനിക്കു ശത്രുക്കളാണെന്നു് അവൾക്കു് തോന്നി.

"അച്ഛാ ഞാനല്ലേ വിളിക്കുന്നതു്. ഒന്നു വിളികേക്കത്തില്ലേ?" കണ്ണുനീരിൽ കൂടി വീണ്ടുമവൾ ചോദിച്ചു.

KOTTAYAM PUBLIC LIBRARY KOTTAYAM

അകലെയൊരു ക്രോഷ്ടാവ് ഉച്ചത്തിലൊന്നു ശബ്ദിച്ചു. അവളൊന്നു ഞെട്ടി.

"അച്ഛാ— ഞാൻപോണു— പോകട്ടഛ—" അതിൽക്കൂടുതൽ ചോദിക്കുവാനവൾക്കു സാധിച്ചില്ല. വികാരമവളെ വീർപ്പു മുട്ടിച്ചു.

സമ്മതഭാവത്തിൽ ആ ഇല്ലിക്കൂട്ടത്തിൽ നിന്നും ഒരു രാപ്പക്ഷിയുടെ ശബ്ദം. കോരിത്തരിച്ച ശരീരത്തോടെ അങ്ങോട്ടവൾ നോക്കി. അവിടെയാരുമില്ല.

തിരിഞ്ഞു നോക്കാതെ അവൾ അതിനു വെളിയിലേയ്ക്കു നടന്നു.

# II

പരിസരമാണു് ജീവിതത്തെ പലപ്പോഴും സൃഷ്ടിക്കുക. മറിച്ചുവരിക അപൂർവ്വം ചിലപ്പോൾ മാത്രം. ഏതു വിസ്തൃമായ പരിധിവരെയും ജീവിതം വികസിപ്പിക്കുന്നവനും പരിസരത്തിൻെറ പ്രേരണയാൽ അതിനെ ഏററവുമിടുങ്ങിയ ഒരു പരിധിയ്ക്കുള്ളിൽ ഒതുക്കി നിർത്തേണ്ടിവരും. അങ്ങനെ പരിസരത്തിനൊത്തു ജീവിതം ക്രമീകരിയ്ക്കുവാൻ സാദ്ധ്യമല്ലാത്തവർക്കു് ഈ ജീവിതമത്സരത്തിൽ പലപ്പോഴും പരാജയമടയേണ്ടിവരും—വന്നിട്ടുമുണ്ടു്.

പുലരിയുടെ പുതുമകളെ പുകഴ്ത്തിക്കൊണ്ടു് പക്ഷികൾ പാടിപ്പറന്ന ഒരു സുപ്രസന്ന സുപ്രഭാതത്തിൽ അവൾ—മാധവി—അവളുടെ പുതിയ ജോലിയാരംഭിച്ചു. റോഡു തൂപ്പ്—അതാണു് ആ ജോലി.

തുടരെ തുടരെയുള്ള ഇരുപത്തിയെട്ടുവർഷം അവളുടെ അച്ഛൻ ചെയ്തുവന്നിരുന്ന തൊഴിലാണതു്. അതിനെ ഒരു മഹനീയമായ ജോലിയായല്ലാതെ—അറപ്പോടും വെറുപ്പോടുംകൂടി വീക്ഷിക്കുക അവൾക്കു് സാദ്ധ്യമല്ല. അവരെ പുലർത്തിക്കൊ

ണ്ടുവന്നതു് ആ തൊഴിലാണ്. പിന്നെയെങ്ങിനെയാണവൾ അതിനെ വെറുക്കുക?

ആ മഹനീയമായ തൊഴിൽ മകൾക്കായി സമ്മാനിച്ചിട്ടാണ് അയാൾ പോയതു്. അതിനെപ്പററി അവൾക്ക് പലതും അവളുടെ അച്ഛനോട്ട് ചോദിക്കുവാനുണ്ടായിരുന്നു. പല സംശയങ്ങളും അയാൾ മുഖാന്തിരം തീർക്കേണ്ടതുമുണ്ടായിരുന്നു. അതിനൊന്നിനുമിടയാകാഞ്ഞതിൽ അവൾ വ്യസനിച്ചു.

ഒരു കുട്ടയും ചൂലും കയ്യിലെടുത്തു് അവൾ പട്ടണത്തിലേയ്ക്കു് തിരിച്ചു. പരിഷ്ക്കാരവും പരിവർത്തനവും ഓളം തല്ലുന്ന ആ പട്ടണം കണ്ടപ്പോളവൾക്ക് കോരിത്തരിച്ചു.

മാനത്തു മുട്ടുന്ന മണിമേടകൾ—വ്യവസായശാലകൾ — ഹുങ്കാരത്തോടെ കുതിച്ചു പായുന്ന മോട്ടോർ കാറുകൾ—അനന്ത വിസ്‌തൃതമായ കായലിൻെറ മുകൾപ്പരപ്പിൽക്കൂടി മന്ദഗമനം ചെയ്യുന്ന ബോട്ടുകൾ—പരിഷ്കൃതമായ രീതിയിൽ വസ്ത്രധാരണംചെയ്ത ആളുകൾ—അവരെല്ലാംതന്നെ അപരിചിതർ—ഇവയെല്ലാം കണ്ടപ്പോളവൾക്കു വീർപ്പുമുട്ടി. താൻ ഏതോ ഒരു പുതിയ ലോകത്തിലേയ്ക്കാണ് നടക്കുന്നതെന്നവൾക്കു തോന്നി. അവയെയെല്ലാം ഒരു വശംകൊണ്ടല്ലാതെ നേരെ നോക്കുവാൻ അവൾക്കു കരുത്തുണ്ടായില്ല. ഭീരുതകൊണ്ടു് വിറയലാർന്ന ശരീരത്തോടെയാണവൾ മുന്നോട്ടു നീങ്ങിയതു്.

കുറച്ചു നടന്നപ്പോൾ ഒരു കണ്ണാടിക്കാരൻ അവളെ ഒന്നു നോക്കി. ആ വല്ലാത്ത നോട്ടത്തിൽ അവൾ ചൂളിപ്പോയി. അവൾ വേഗം മുന്നോട്ടു നടന്നു. അല്പംകൂടി നടന്നപ്പോൾ എതിരേവന്ന രണ്ടു "തൊഴിലാളി സഖാക്കൾ" അവളെ നോക്കി എന്തോ പിറുപിറുത്തു. അവളുടെ കരളിൽ ഒരു തീപ്പൊള്ളൽ ഉണ്ടായി. അതു കേൾക്കാത്ത ഭാവത്തിൽ വീണ്ടുമവൾ മുന്നോട്ടു് നടന്നു് കല്പപാലത്തിങ്കൽ എത്തി. അവിടെ നിന്നിരുന്ന

ഒരു "ചുവപ്പു തൊപ്പി" അവളെ നോക്കി അർത്ഥഗർഭമായൊന്നു പുഞ്ചിരിച്ചു. അവളുടെ ഹൃദയമൊന്നു പിടച്ചു.

പാവം! അവൾ ആദ്യമായിട്ടാണ് ഒരു പട്ടണം കാണുക. ഈ മാതിരിയുള്ള അനുഭവങ്ങൾ അവൾക്കേററവും അപരിചിതമാണ്. എന്നാലുമവയിലെല്ലാം ഒന്ന് ഉൾക്കൊള്ളുന്നുണ്ടെന്നവൾക്കറിയാം. അവൾക്കുമായി വയസ്സ് പതിനെട്ട്!

"കല്ലുപാലം തൊട്ട് തെക്കോട്ടായിരുന്നു അവൾക്ക് അടിയ്ക്കാനുണ്ടായിരുന്നത്. അതിനു പടിഞ്ഞാറും വടക്കും കിഴക്കും ഓരോരുത്തർ നിന്ന് റോഡ് തൂക്കുന്നുണ്ട്. പക്ഷേ അവരെല്ലാം പുരുഷന്മാരാണ്. ഒരു സ്ത്രീയെങ്കിലും ആ ജോലി അവിടെ ചെയ്യുന്നതായി കാണ്മാൻ സാധിച്ചില്ല. കുട്ട അവിടെ വെച്ചശേഷം അവൾ റോഡു തുത്തു വൃത്തിയാക്കാൻ തുടങ്ങി. കുറെ അടിച്ചു തെക്കോട്ടു നീക്കിയ ശേഷം അവൾ അതു് കുട്ടയിൽ വാരി. അതെടുത്തു പൊക്കുവാൻ ഭാവിച്ചപ്പോൾ അതിലൊരു സിഗററ കുററി വന്നു വീണു. അവൾ തിരിഞ്ഞുനോക്കിയപ്പോൾ ഒരു കറുത്ത 'തൊഴിലാളി നക്ഷത്രം' അവളെ നോക്കി പുഞ്ചിരിച്ചു. അവൾ അതു ചുമന്നു കൊണ്ടുപോയി റോഡരുകിൽ വച്ചിരുന്ന മുനിസിപ്പാലിററി വക വീപ്പയിലിട്ടു. വീണ്ടും വന്നവൾ തുത്തു തുടങ്ങി.

ആ ചായക്കടയിൽ നില്ക്കുന്ന ഒരു ക്ലററൻ ശമ്പളക്കാരൻ ഒരു ചരുവം നിറയെ എച്ചിൽപാത്രം കഴുകിയ വെള്ളം കൊണ്ടുവന്ന് അവൾ അടിച്ചുകൊണ്ടിരുന്നതിനു മുൻവശമൊഴിച്ചു. അവളുടെ ദേഹമാസകലമതു തെറിച്ചു.

ആ കടയിൽ കാപ്പി കുടിച്ചുകൊണ്ടിരുന്ന ഒരാൾ അയാളുടെ ആത്മസുഹൃത്തിനോടു പറഞ്ഞു:-

"നോക്കൂ—പുലർകാലത്തു വിരിഞ്ഞുനില്ക്കുന്ന തുമ്പപ്പൂവിന്റെ പരിശുദ്ധി-പനിനീർപ്പൂവിന്റേതുപോലെ മനോഹര

മായ അംഗലാവണ്യം-നവയൗവ്വനം തളിരിട്ട മോഹനലത-അതാണ് ആ കാണുന്നതു്."

ആ സുഹൃത്തിനു് അതു കേൾക്കുന്നതിൽ ഒരു രുചിയില്ലായ്മ ആ മുഖത്തു ദൃശ്യമായി.

"ഇവളെപ്പോലുള്ളവരാണ് ഭാഗ്യവതികൾ."-ആ കഥാകൃത്തു് വീണ്ടും തുടർന്നു.

"അതെ-സംശയമില്ല. ഈ മാതിരിയുള്ള മലീമസമായ അന്തരീക്ഷത്തിൽ ജീവിയ്ക്കേണ്ടിവരുന്നതും ആ ഭാഗ്യം കൊണ്ടാണല്ലോ" സുഹൃത്തു് പരിഹാസത്തോടെ പറഞ്ഞു.

"അതെ—തീർച്ചയായുമിന്നവരെപ്പററി നാം അറിയുന്നില്ല. അറിയണമെന്നു താല്പര്യവുമില്ല. എന്നാൽ നാളെ-അവരുടെ ലോകമാണു്. എല്ലാം എല്ലാവർക്കും വേണ്ടി വീതിയ്ക്കപ്പെടേണ്ടി വരും ആ നാളെയുടെ മുന്നിൽ. ഇന്നു നാമെടുക്കുന്നതിനും ഇതിനുമുമ്പെടുത്തതിനുമെല്ലാം പലിശ സഹിതം ആ നാളെയുടെ മുന്നിൽ-സമത്വ സുന്ദരമായ നാളെയുടെ മുന്നിൽ-കണക്കു പറഞ്ഞു കൊടുക്കണം. കൊടുത്തേ മതിയാവൂ—" ആ കഥാകൃത്തു് ഇടയ്ക്കു നിർത്തി. സുഹൃത്തു് പറഞ്ഞു: "ശരി-അപ്പോൾ ആ നാളെയുടെ മുന്നിൽ എൻെറ സ്നേഹിതനും വലിയൊരു കടക്കാരനായിരിക്കുമല്ലോ?"

"തീർച്ചയായും-ആ നാളെ-വരുമ്പോൾ ഞാനും എടുത്തിട്ടുള്ളതെല്ലാം കൊടുത്തേ മതിയാവൂ. അതത്ര വിദൂരത്തിലുമല്ല സ്ഥിതിചെയ്യുന്നതു്. ഇതുവരെ 'നാളെ' യെന്നു പറയുന്നതു് പാവങ്ങളെ സമാധാനിപ്പിക്കുവാനുള്ള ഒരു യാന്ത്രികമായ യത്നമായിരുന്നു. എന്നാലിനി അതു നീളുകയില്ല. അവർക്കു മനസ്സിലായി ഈ 'നാളെ' യെന്നുപറയുന്നതിൻെറ പിന്നിൽ ഒഴിഞ്ഞു കിടക്കുന്ന വഞ്ചനയുടെ ചരിത്രങ്ങൾ. അതിനെയും തട്ടി

നീക്കിക്കൊണ്ടാണവർ മുന്നോട്ടു വരുന്നത്. ഒരു സായുധശക്തികൊണ്ടും അവരുടെ ആ പുരോഗതിയെ തടുക്കുക സാദ്ധ്യമല്ല--" കഥാകൃത്ത് ഒരു സിഗററെറടുത്തു കത്തിച്ചു. മററൊന്നെടുത്ത് സുഹൃത്തിനും നൽകി.

കടയിലെ പണം കൊടുത്തശേഷം അവർ വെളിയിലേക്കിറങ്ങി. അപ്പോൾ അവൾ അവിടെ നിന്നും കുറച്ചുകൂടി തെക്കോട്ടു നീങ്ങിയിരുന്നു. കഥാകൃത്ത് അങ്ങോട്ടു നടന്നു. കൂടെ സ്നേഹിതനും.

അവർ അവളെ സമീപിച്ചു. കഥാകൃത്ത് അൽപസമയം ഇമവെട്ടാതെ അവളെത്തന്നെ നോക്കിനിന്നുപോയി. സ്നേഹിതൻ പുറത്തു തട്ടിക്കൊണ്ടു ചോദിച്ചു:

"എന്താ--ഒരുകഥയ്ക്കുള്ള വക വല്ലതും തെരയുകയാണോ? ഇത്രയൊന്നും സൂക്ഷിച്ചു നോക്കാതെതന്നെയുണ്ടല്ലോ അതിനുമാത്രം."

അപ്പോഴാണവൾക്കു മനസ്സിലാകുക, തന്നെ രണ്ടുപേർ 'നോട്ടു'ചെയ്യുന്നുണ്ടെന്ന്. അവസാനത്തെ ആ വാചകം അവളുടെ ചെവിയിൽ തുളഞ്ഞു കയറി.

"തീച്ചയായും വേണം--" കഥാകൃത്തു പറഞ്ഞു. "പരിസരത്തിൻെറ പരുഷമായ എതിരിനെ എതിരിടാനാവാതെ പരിതാപകരമായി പരാജയമടഞ്ഞുപോകുന്ന പല ജീവിതങ്ങളിലൊന്നാണവൾ. അതുകൊണ്ടാണ്—"

സ്നേഹിതൻ പറഞ്ഞു:- "കളയൂ സ്നേഹിതാ—ഈ പിൻതിരിപ്പൻ സാഹിത്യമെല്ലാം."

അവർ ആ ഇടവഴിയിലേയ്ക്കു തിരിഞ്ഞു. ആ കഥാകൃത്തു പറഞ്ഞതുമവൾകേട്ടു.

x x x

അന്നവൾക്കതിനെക്കുറിച്ചു ചിന്തിക്കുവാനുണ്ടായിരുന്നുള്ളു. എത്രമാത്രം ചിന്തിച്ചിട്ടുമവൾക്കതു മനസ്സിലായില്ല.

“പരിതാപകരമായി പരാജയമടഞ്ഞ പല ജീവിതങ്ങളിലൊന്നാണവൾ—” ആ കഥാകൃത്തിന്റെ ഭാവനയിൽ നിന്നുയൎന്ന ഉല്ലേഖമവളുടെ മുമ്പിൽ ഒരു കീറാമുട്ടിപോലെ കിടന്നു.

അവൾ എങ്ങനെ പരാജയമടഞ്ഞു? അതവൾക്കു വ്യക്തമായില്ല. ഒരുപക്ഷെ പിതൃലാളന അനുഭവിക്കാനിടയാവാഞ്ഞിട്ടാണോ? തീൎച്ചയായുമല്ല. ആ വാത്സല്യനിധിയായ പിതാവു് അവളെ ലാളിച്ചുതന്നെയാണു് വളൎത്തിയതു്. പിന്നെങ്ങിനെയാണു് അവൾ പരാജയമടഞ്ഞതു്?

“പരിസരത്തിന്റെ പരാജയമായ എതൃപ്പു്” അതെന്താണെന്നു് അവൾക്കു മനസ്സിലായില്ല. അതുവ്യക്തമാകാതെയെങ്ങിനെയാണു് അതിനെ എതിരിടാനുള്ള കെൽപ്പു് അവൾക്കുണ്ടോ എന്നു നിൎണ്ണയിക്കുന്നതു്? അവൾക്കതിന്റെയൊന്നും പൊരുൾ മനസ്സിലായില്ല. എങ്കിലുമതിലെന്തെല്ലാമോ ഒളിഞ്ഞു കിടപ്പുണ്ടെന്നവൾ തീരുമാനിച്ചു.

പിറ്റേദിവസവുമവൾ ജോലിയ്ക്കു പോയി. അന്നും ചിലർ അത്ഭുതത്തോടെതന്നെ നോക്കുന്നതവൾ കണ്ടു. എങ്കിലും കണ്ടില്ലെന്നു നടിച്ചു. കാരണം അവൾക്കവരുടെയാരുടെയും തന്നെ പരിചയമാവശ്യമില്ലായിരുന്നു. അങ്ങിനെ ഒരാഴ്ച കഴിഞ്ഞു. പട്ടണത്തിലെ പുതുമയെല്ലാം അവൾ പഴമയിലേയ്ക്കു തള്ളിമറിച്ചു. സങ്കോചം കൂടാതെ പട്ടണത്തിലേയ്ക്കു പോകുവാനും അവളുടെ ജോലിചെയ്യുന്നതിനുമവൾക്കു സാധിച്ചു. അവിടെയുള്ളവരെല്ലാം തന്നെപ്പോലുള്ള മനുഷ്യരാണെന്നും അക്കൂട്ടത്തിൽതന്നെ തന്നെക്കാൾ നികൃഷ്ടമായ ജോലിചെയ്യു·

ന്ന അനേകായിരമാളുകൾ ഉണ്ടെന്നുമവൾക്കറിയാൻ കഴിഞ്ഞു. ആദ്യമാദ്യം അത്ഭുതത്തോടെ പകച്ചുനോക്കിയ അവൾ ഇപ്പോൾ ചിരപരിചയത്തോടെയാണ് ആ വമ്പിച്ച കെട്ടിടങ്ങളെയും വ്യവസായശാലകളെയും നോക്കുന്നതു്. പുതിയതായിഒന്നും അവിടെയില്ലെന്നവൾക്കു മനസ്സിലായി.

x X x

അന്നു സന്ധ്യയ്ക്കു് അവൾ ആ കൊച്ചുവിളക്കു കത്തിച്ചു വാതിൽക്കൽകൊണ്ടുവച്ചപ്പോൾ ആരോ മുററത്തു വന്നു നിൽക്കുന്നതായി തോന്നി, അവൾ അങ്ങോട്ടിറങ്ങി. ആളെക്കണ്ടപ്പോൾ ഒരു ലജ്ജയോടെ ഉള്ളിലേയ്ക്കു കയറിക്കളഞ്ഞു.

അതു നീലാണ്ടനായിരുന്നു. അയാളുമൊരു തൂപ്പുകാരനാണു്. അവൾ തൂക്കുന്നതിനു വടക്കുവശമാണയാളുടെ അധികാരപരിധിയിൽപ്പെട്ട സ്ഥലം. മിക്കപ്പോഴും അവർ അവിടെവെച്ചു് കണ്ടുമുട്ടാറുണ്ടു്. ആശയോടെ നീലാണ്ടൻ തന്നെ നോക്കിനിൽക്കുന്നതായി പലപ്പോഴുമവൾ കണ്ടിട്ടുണ്ടു്. അയാൾ ചിലദിവസം നേരത്തെ ജോലിചെയ്തു തീർത്താലും അവളെ പ്രതീക്ഷിച്ചു കല്ലുപാലത്തിന്റെ തെക്കേ അററത്തു് അതിന്റെ അഴിയിൽ പിടിച്ചുകൊണ്ടങ്ങനെ നിൽക്കും. അതവൾ പലപ്പോഴും കണ്ടിട്ടുണ്ടു്. എന്നാൽ ഒന്നു് അവളോടു മിണ്ടുന്നതിനുള്ള ധൈര്യം നീലാണ്ടനു് ഉണ്ടായില്ല.

ഒരുദിവസം—അതവൾ എന്നും ഓർക്കും—കുറച്ചുതാമസിച്ചാണു് ജോലിക്കുപോയതു്. അധികാരികളിൽനിന്നുവല്ലശിക്ഷയും ലഭിച്ചേക്കുമോഎന്നുഭയന്നാണവൾ അവിടെയെത്തിച്ചേർന്നതു്. അപ്പോളതാ ആ റോഡു മുഴുവൻ തൂത്തു വൃത്തിയാക്കിയിട്ടിരിക്കുന്നു. ഒരു മിന്നൽപിണർ അവളുടെ ഉള്ളിൽക്കൂടി പാഞ്ഞു.

തനിയ്ക്കു പകരം ആ ജോലിയ്ക്കു് ആരെയെങ്കിലും നിയമിച്ചു കാണുമെന്നവൾ നിശ്ചയിച്ചു. അവളുടെ അകം ആളിക്കത്തി.

ഒരു ചിരി. അവൾ തിരിഞ്ഞുനോക്കി. അതു നീലാണ്ഠനായിരുന്നു. താനാണാജോലി ചെയ്തതെന്നവൻ ആംഗ്യം കൊണ്ടവളെ അറിയിച്ചു അഭിമാനംകൊണ്ടു. അവൾക്കാകട്ടെ അതിനു യാതൊരു മറുപടിയുമില്ല. ഒരാശ്വാസം ലഭിച്ചു എന്നവൾ കരുതി. അന്നുമുതൽ അവൾക്കു് അകാരണമായ എന്തോ ഒരടുപ്പം—ഒരു കൃതജ്ഞത ഉള്ളതായി തോന്നി. അതെപ്രകാരമാണു് പ്രദർശിപ്പിക്കേണ്ടതെന്നവൾക്കു നിശ്ചയമില്ല.

അങ്ങനെ കുറെ ദിവസങ്ങൾകൂടി കഴിഞ്ഞു. ഒരു ദിവസം നീലാണ്ഠനെ തൂക്കുന്നതിന് അവൾ കണ്ടില്ല. ആ സ്ഥാനത്തു് അതിനു പകരമൊരു കിഴവനെയാണവൾ കണ്ടതു്. അവൾക്കൊരു വല്ലായ്മയുണ്ടായി. എന്തോ ഒന്നവൾക്കു നഷ്ടപ്പെട്ടതുപോലെ തോന്നി. അന്നു മുഴുവനവൾ നിരുന്മേഷയായി കഴിച്ചുകൂട്ടി.

പിറെറ ദിവസവും നീലാണ്ഠനെ കണ്ടില്ല. അവളുടെ വല്ലായ്മ ഇരട്ടിച്ചു. അയാളെ വല്ല കാരണത്താലും അധികാരികൾ ശിക്ഷിച്ചതായിരിക്കുമെന്നവൾ വിചാരിച്ചു. അവളുടെ മനസ്സിനു് അതിൻെറ യഥാർത്ഥമറിയുന്നതുവരെയൊരു സമാധാനമുണ്ടായില്ല. ആരോടെങ്കിലും ചോദിക്കുവാൻ അവൾക്കു ധൈര്യം പോരാ. അറിവാനുള്ള ആകാംക്ഷ അവളെ ഞെരുക്കിത്തുടങ്ങി. ഒടുവിലവളതു നിശ്ചയിച്ചു.

മൂന്നാം ദിവസം ആ പകരക്കാരനോടു് അവൾ ചോദിച്ചു. ആ വൃദ്ധനിൽ നിന്നുമവൾ അറിഞ്ഞു—നീലാണ്ഠനു് സുഖമില്ലാതെ കിടക്കുകയാണെന്നും—അയാൾ നീലാണ്ഠൻെറ അച്ഛനാണെന്നും—ഇപ്പോൾ സുഖക്കേടിനു് അല്പംകുറവുണ്ടെന്നും.

ഒന്നു പോയി അയാളെ കാണുവാനവൾ ആഗ്രഹിച്ചു. "അതു് ശരിയാവില്ല"—അവൾ തന്നെത്താൻ പറഞ്ഞു പിന്തിരിഞ്ഞു. അവളുടെ കണ്ണുകൾ നീലാണ്ടനെ കാണാനുഴന്നു. ഏതെങ്കിലുമൊരു ദിവസം അതു ഭേദമാകുന്നതിനുമുമ്പുതന്നെ അയാളെ ചെന്നു കാണണമെന്നവൾ തീരുമാനിച്ചു. അതിലെന്തുതന്നെ കുറവുവന്നാലും അതു തനിയ്ക്കു പരിഹരിയ്ക്കുത്തക്കതാണെന്നവളുടെ ഹൃദയം അവളെ ഉപദേശിച്ചു.

അപ്പോഴാണു് യാദൃശ്ചികമായി അന്നു വൈകുന്നേരമയാളവിടെ വന്നതു്. ലജ്ജയവളെ അകത്തോട്ടു വലിച്ചു.

“മാതവീ—”അയാൾ വിളിച്ചു.

അവൾ വെളിയിലേയ്ക്കു തലനീട്ടി. അത്ഭുതപൂർവ്വവും അപ്രതിഹതവുമായ ഒരനുരാഗവികാരത്തോടെ അയാൾ നിന്നിമേഷനായി ആ മുഖത്തേക്കു നോക്കി. ചന്ദ്രോദയത്തിൽ വിരിഞ്ഞുവരുന്ന വെള്ളാമ്പൽപൂവിന്റെ വെണ്മയും നൈർമ്മല്യവും അയാൾ ആ മുഖത്തു ദർശിച്ചു. അവന്റെ ഹൃദയം അവാച്യമായ ആനന്ദത്തിൽ നീന്തിത്തുടിച്ചു.

വളരെയെല്ലാം പറയണമെന്ന ഉദ്ദേശത്തോടെയാണയാളവിടെ വന്നതു്. തന്റെ ആശയങ്ങളുമഭിലാഷങ്ങളുമവളോട്ടു് തുറന്നു പറയുന്നതിന്നും അവളുടെ മറുപടി ശ്രവിക്കുന്നതിനുമയാൾക്കു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ വികാരങ്ങളുയർന്നു് ആ ഹൃദയത്തെ വീർപ്പുമുട്ടിച്ചു. അവിടെ പിന്നീടു നിൽക്കുവാൻപോലുമയാൾക്കു ധൈര്യമുണ്ടായില്ല. അയാൾ നടന്നുമറഞ്ഞു.

ആ അത്ഭുതകരമായ പൊരുമാററം കണ്ടിട്ടു് അവൾക്കതിശയത്തേക്കാൾ കുണ്ഠിതമാണുണ്ടായതു്. അയാൾ തന്റെ വീട്ടിൽവന്നു് വളരെനേരം വെളിയിൽ നിന്നിട്ടും ഒന്നു കയറി

അവിടെ ഇരിയ്ക്കുന്നതിനോ എന്തിനാ വന്നതെന്നു ചോദിക്കുന്നതിനോ തനിയ്ക്കു ശബ്ദിക്കാനാവാതെ വന്നതിൽ അവൾ അകംതകൎന്നു വേദനിച്ചു. ആ പ്രാഥമികമായ മൎയ്യാദപോലും കാണിക്കാത്ത തനിയ്ക്കുവേണ്ടി അയാൾ പലപ്പോഴും ചെയ്തിട്ടുള്ള സഹായങ്ങൾ അവളുടെ സ്മരണയിൽ പൊങ്ങിവന്നു. തന്റെ നിരപരാധിത്വത്തെ അയാളെ അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിലോളം വിശ്വസിപ്പിക്കുവാൻ അവൾ ആഗ്രഹിച്ചു. എന്നാലവൾക്കതിനൊന്നിനും കഴിഞ്ഞില്ല. അയാൾ അവിടം വിട്ടുകഴിഞ്ഞിരുന്നു.

X X X X

അങ്ങനെ ആ വിവാഹക്കാൎയ്യവും തീൎച്ചപ്പെടുത്തി. നീലാണ്ഠനും മാധവിയും തമ്മിൽ. അതിന്റെ അടുത്ത വീട്ടിലെ കൊച്ചപ്പിയായിരുന്നു അതിന്റെ നടത്തിപ്പുകാരൻ. നീലാണ്ഠന്റെ അഭ്യൎത്ഥനയനുസരിച്ചു് അയാൾ മാധവിയുടെ അടുത്തു് ആ കാൎയ്യം പറഞ്ഞു.

കൊച്ചപ്പിയുടെ വാക്കുകൾ അവൾക്കു നിഷേധിക്കത്തക്കതല്ല. അയാൾ അവളുടെ അച്ഛന്റെ ഒരു ആത്മസുഹൃത്തായിരുന്നു. അച്ഛൻ ദീനമായി കിടന്നപ്പോൾ പല പലസഹായങ്ങളും ചെയ്തിട്ടുണ്ടു്. മറക്കാൻ വയ്യാത്ത സഹായങ്ങൾ. അച്ഛന്റെ മരണത്തിനുശേഷം പിതൃനിൎവ്വിശേഷമായ സ്നേഹത്തോടെ അവളെ പലപ്പോഴുമുപദേശിച്ചിട്ടുണ്ടു്. ലോകമെന്നു പറയുന്നതെന്തെന്നു് അവളെ മനസ്സിലാക്കിയിട്ടുണ്ടു്. അതെല്ലാം അതുപടി അവൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിട്ടുണ്ടു്—ചെയ്യുന്നുമുണ്ടു്.

നീലാണ്ഠനെ കല്യാണം കഴിക്കണമെന്നു് ആ വൃദ്ധനുപദേശിച്ചപ്പോൾ അവളുടെ ഹൃദയമുകുളം ആനന്ദംകൊണ്ടു് വികസിതമായി. അജ്ഞാതമായ ഒരാനന്ദത്തിന്റെ ആദ്യപ്പുളക

ങ്ങൾ തന്റെ ശരീരത്തിൽ പൊടിഞ്ഞുവന്നതായി അവൾ അറിഞ്ഞു. അയൽവാസികളുടെ മുമ്പിൽ ലജ്ജകൊണ്ട് അവൾ ചൂളിപ്പോയി, ചിലർ അവളെ കളിയാക്കി.

ആ വിവാഹത്തിനു സമുദായം സമ്മതം മൂളി. തുപ്പുകാരിയും തുപ്പുകാരനും തമ്മിൽ — നിഷ്ഠനയും നിഷ്ഠനനും തമ്മിൽ — അപരിഷ്കൃതയും അപരിഷ്കൃതനും തമ്മിൽ — അധഃകൃതയും അധഃകൃതനും തമ്മിൽ. അതിൽ സമുദായത്തിന് പരിഭവമില്ല. അവരുടെ നേരെ ചന്ദ്രഹാസമിളക്കുവാനതിനു ചേലില്ല. പക്ഷെ ആ വിവാഹം ഇരുളിൽ വേണം നടക്കുവാൻ. അതു മാത്രം മതി സമുദായത്തിന്.

X X X X

ഒരു ശുഭമുഹൂർത്തം അവരെ ഭാര്യാഭർത്താക്കന്മാരായി ബന്ധിച്ചു. വളരെ അനാഡംബരമായിട്ടായിരുന്നു അതു നടന്നത്. ചില അയൽവക്കത്തുകാർ, കുറേ തോട്ടികൾ, ചില തുപ്പുകാർ ഇവരായിരുന്നു ആ വിവാഹരംഗത്തെ പ്രധാനഭാഗമഭിനയിച്ച് നടന്മാർ. ചിലർ നീലാണ്ടനേയും മാധവിയേയും അഭിനന്ദിച്ചു ഓരോ ചെറിയ പ്രസംഗങ്ങൾകൂടി അവിടെവെച്ചു ചെയ്തു. അങ്ങിനെ ആ വിവാഹം വളരെ ആർഭാടങ്ങളോടെയല്ലെങ്കിലും ആശ്വാസത്തോടെ നടന്നു.

## III

ഭർത്താവും ഭാര്യയും. വിശാലമായ ഈ ലോകത്തിൽ സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനും വിശ്വസിക്കാനും വിശ്വസിക്കപ്പെടുവാനും ആശ്വസിക്കാനും ആശ്വസിക്കപ്പെടുവാനും അർഹതയുള്ള രണ്ടു വ്യക്തികൾ. തീർച്ചയായും അവരുടെ രണ്ടുപേരുടേയും പിന്നിൽ ഓരോ ചരിത്രമുണ്ടായിരിക്കും. അവ മിക്കവാറും അവർ തമ്മിൽ കൈമാറുകയും ചെയ്യും.

അപ്പോഴാണവർ വിശ്വാസത്തിൻെറ അടിത്തട്ടിലെത്തുന്നതു്–ആശ്വാസത്തിൻെറ വായു ശ്വസിക്കുന്നതു്–സ്നേഹത്തിൻെറ ഊഞ്ഞാലിലാടുന്നതു്.

ജീവിതത്തിലവർ തുല്യ പങ്കാളികളാകുന്നു. സന്തോഷവും ദുഃഖവും അവർ തുല്യമായി വീതിച്ചെടുക്കുന്നു. അതിലാർക്കും പരിഭവമില്ല. അങ്ങിനെയവർ ജീവിക്കാൻ പഠിക്കുന്നു.

x x x x

മധുവിധുവിൻെറ പ്രഥമരാത്രി!

മോഹനസ്വപ്നങ്ങളും സുന്ദരപ്രതീക്ഷകളും അന്നാണു് രൂപം പ്രാപിക്കുക. അടക്കാൻ വയ്യാത്ത ആവേശങ്ങളും സകല സിരാതന്തുക്കളേയുമുണർത്തുന്ന ആലിംഗനങ്ങളും മധുരമധുരമായ ചുംബനങ്ങളും ആ സ്വർഗ്ഗീയരാത്രിയിലാണു് വന്നു നിറയുന്നതു്.

മാധവി അന്നു വളരെനേരം കാത്തിരുന്നിട്ടും നീലാണ്ടനെ കണ്ടില്ല. അവളുടെ ഹൃദയം അസഹ്യമായ വേദനയനുഭവിച്ചു. അതു ദ്രുതതരം തുടിച്ചുതുടങ്ങി.

തലേന്നുവരെ അവൾക്കാരേയും പ്രതീക്ഷിക്കുവാനുണ്ടായിരുന്നില്ല. അവളുടെ ജീവിതത്തിൽ അതുവരെ ഒരു പങ്കുകാരനുമുണ്ടായിട്ടില്ല.

ഇന്നതല്ല. അവൾക്കൊരു ഭർത്താവുണ്ടു്–ഹൃദയമുള്ള–സ്നേഹമുള്ള–ഭർത്താവു്. അയാൾ തന്നിലാണു് സകലതുമർപ്പിച്ചിരിക്കുന്നതെന്നവൾക്കറിയാം. അവൾ അയാളിലും. അന്നുവരെ അന്തമില്ലാത്ത അവളുടെ സങ്കല്പങ്ങൾ ഊഷ്മളനിശ്വാസങ്ങളായി ആ കൊച്ചുപുരയ്ക്കുള്ളിൽ ഇടതിങ്ങിനിന്നിരുന്ന അന്ധകാരത്തിലലിഞ്ഞു ചേരുകയാണുണ്ടായതു്. ഇനിമേൽ

അവ് സങ്കല്പങ്ങളല്ല യാഥാത്ഥ്യങ്ങളാണ്. അന്ധകാരത്തിലല്ല അയാളുടെ ഹൃദയത്തിലാണലിഞ്ഞു ചേരുന്നതു്.

നീലാണ്ടൻ വന്നു. അവൾ ചിന്തയിൽനിന്നുമുണൎന്നു. അടുക്കളയിലേയ്ക്കു പോയി. ഒരു പാത്രത്തിൽ ചോറും മററൊന്നിൽ കറിയുമെടുത്തു് അവൾ നിറഞ്ഞ ഭക്തിയോടെ അയാളുടെ മുമ്പിൽ കൊണ്ടുവച്ചു. അയാൾ തൃപ്തിയോടെ—അന്നുവരെ ദർശിച്ചിട്ടില്ലാത്ത ആനന്ദത്തോടെ—അതു കഴിച്ചു.

ആ പാത്രമവളെടുത്തു അതിൽത്തന്നെ കുറച്ചു ചോറു വിളമ്പി അവളും കഴിച്ചു. അയാൾ അവൾക്കു് വിളമ്പിക്കൊടുക്കുവാൻ തയ്യാറായെങ്കിലും അവളതു സമ്മതിച്ചില്ല. ഒരു യഥാത്ഥ പതിവ്രതയുടെധർമ്മമവൾക്കറിയാമായിരുന്നു അതുകൊണ്ടു്.

86953

അവൾ കിടന്നു—ആ കൊച്ചു പുരയിൽ. അവരുടെ മധുരസ്മരണകളും പൊട്ടിത്തെറിക്കുന്ന ആകാംക്ഷകളും സ്വാദുനിറഞ്ഞ സുഖാനുഭൂതികളും ആ കൊച്ചുമുറിയിൽ തിങ്ങിനിൽക്കുമോ ആവോ!

x x x x

അവളുടെ വിചാരങ്ങളിൽ മധുരമുൾക്കൊണ്ടിരുന്നു. അയാളുടെ ഹൃദയചിന്തകളിലോരോരോ അഭിലാഷങ്ങളുമുടലെടുത്തു.

പുതിയൊരു ലോകം ദർശിക്കുന്ന ഒരാനന്ദാനുഭൂതി അവൾക്കുണ്ടായി. അയാളുടെ മധുരസ്വപ്നങ്ങളിൽ അവൾ നവരത്ന ജാജ്വലിതമായ കനകഹാരമണിയിക്കുന്നതായി അയാൾക്കു തോന്നി. അങ്ങനെ അവർ യോജിച്ചു. ആരാലും വേർപെടുത്താനാവാത്ത വിധത്തിൽ.

അയാഠം അവഠംക്കായി ചില പുതിയതരം ബ്ളൗസുകഠം വാങ്ങിച്ചു. അതിനുള്ള കെല്പില്ലായ്മ അവളെ വേദനിപ്പിച്ചു. അവളതു വിലക്കി.

അവർ രണ്ടുപേരും ജോലിക്കുപോകും. അയാഠം തട്ടത്തെങ്കിലും അവളതു സമ്മതിച്ചില്ല. അയാളുടെ നെററിയിലേതിനോടൊപ്പം തൻെറ നെററിയിലും വിയർപ്പു പൊടിച്ചെങ്കിലേ, ആ ആഹാരത്തിനു സ്വാദുകൂടുകയുള്ളു എന്നവഠം മനസ്സിലാക്കി.

അസ്വാസ്ഥത ആ വീട്ടിൽ, അചതുല്ലിയില്ല–പട്ടിണിയങ്ങോട്ട് എത്തിനോക്കിയില്ല. ഒരുവിധം സുഭിക്ഷമായിത്തന്നെ ആ വീട്ട് പുലൻ്നുവന്നു.

അയൽക്കാരെ അവർ സ്നേഹിച്ചു. അയൽക്കാർ അവരേയും. സംതൃപ്തിയുടെയല്ലാതെ ആ കൊച്ചു വീട്ടിൽ മറെറാന്നിൻേറയും കാലൊച്ച കേഠംക്കാതെയായി.

*　　*　　*　　*

മാധവി ഗർഭമാണെന്നയൽപക്കത്തുകാരിൽ ചിലർ പറഞ്ഞു. നീലാണ്ടൻ സന്തോഷിച്ചു. തനിയ്ക്കൊരു കുട്ടിപിറക്കുക. തന്നെ അതു് അച്ഛായെന്നു വിളിക്കുമ്പോഠം 'മോനേ' എന്നു വിളിച്ചു ആ പിഞ്ചു കവിളിലൊരുമ്മ കൊടുക്കുക, അതിനു പുതിയ ഉടുപ്പുകളും പലഹാരങ്ങളുമെല്ലാം പട്ടണത്തിൽ നിന്നും വാങ്ങികൊണ്ടുകൊടുക്കുക, വിദ്യാലയത്തിലയച്ചു പഠിപ്പിച്ചു കേമനാക്കുക അങ്ങനെ ഒരായിരം സങ്കല്പങ്ങഠം നീലാണ്ടൻെറ ഹൃദയത്തിൽ വന്നു നിറഞ്ഞു.

അന്നു നീലാണ്ടൻെറ മുഖത്തു നോക്കാൻതന്നെ മാധവിയ്ക്കു നാണമായിരുന്നു. അയാഠം വിളിച്ചാൽ അവഠം അടുത്തു

വന്നു് മുമ്പിലത്തെപ്പോലെ അയാളുടെ മുഖത്തുതന്നെ നോക്കി നില്ക്കാതെയായി. അവളുടെ വർത്തമാനമെല്ലാം കുറഞ്ഞു.

അപ്പോഴെല്ലാം അവൾ അയാളെ ഏററവുമധികം സ്നേഹിച്ചുതുടങ്ങി. അവളുടെ ഗർഭവും അയാളോടുള്ള അവളുടെ പ്രേമവും പ്രതിദിനം ചന്ദ്രക്കലയെന്നപോലെ വളർന്നുവന്നു.

അവൾ ജോലിയ്ക്കുപോകാതെയായി. അയാളുടെ നിർബ്ബന്ധംകൊണ്ടു മാത്രം. അവളെക്കൊണ്ടു വീട്ടുജോലിപോലും ചെയ്യിക്കുന്നതയാൾക്കു് അസഹ്യമായിത്തോന്നി. അയാൾ ഏററവും അകന്ന ബന്ധത്തിൽപെട്ട ഒരു സഹോദരിയെ കൊണ്ടുവന്നു് അവിടെ—മാധവിയുടെ സഹായത്തിനായി — താമസിപ്പിച്ചു.

*　　　*　　　*　　　*

"മാക്" "മാക്"—പ്രസവ മുറിയിൽ നിന്നുള്ള ആ ശബ്ദം അയാളെ ചിന്തയിൽ നിന്നുണർത്തി. അയാൾ ആശയോടെ അകത്തേക്കു നോക്കി. അതടച്ചിരിക്കയാണു്.

ഉൽക്കണ്ഠയോടെ കുറച്ചു നിമിഷങ്ങൾ മുന്നോട്ടു് അയാൾ തള്ളിനീക്കി. ആ മുറി മെല്ലെ തുറന്നു് സൂതിക വെളിയിലേയ്ക്കു വന്നു.

ആൺകുട്ടിയാ—" ആ വൃദ്ധ പറഞ്ഞു.

"ആ ാ ാ ാ—"സന്തോഷം കൊണ്ടയാളുടെ ഹൃദയം വികസിച്ചു.

*　　　*　　　*　　　*

അയാൾ ആ കുഞ്ഞിനെ കയ്യിൽ പിടിച്ചുകൊണ്ടു് അതിന്റെ മുഖത്തു് തെരുതെരു ചുംബിച്ചു. അതു നോക്കിക്കൊണ്ടവൾ വാതിലിനു മറവിൽ നിന്നു.

ഒരു പിതാവു് സ്വന്തം കുഞ്ഞിനെ എടുത്തു് മടിയിലിരുത്തി ആവേശത്തോടെ തെരുതെരെ അതിൻെറ കവിളുകളിൽ ഉമ്മ വയ്ക്കുന്നതു് കാണുവാൻ ഏതു മാതാവാണു് ആഗ്രഹിക്കാത്തതു്! അപ്പോഴാണു് തങ്ങളുടെ മാതൃത്വം ഫലപ്രാപ്തിയിലെത്തുന്നതെന്നവർക്കറിയാം. അപ്പോൾ മാത്രമേ അവരുടെ ഹൃദയം സന്തോഷം കൊണ്ടു വികസിക്കുകയുള്ളു.

അയാൾ ആ കുഞ്ഞിനെ—ആ തങ്കക്കുട്ടയെ—അവളുടെ കയ്യിൽ കൊടുത്തിട്ടു് ജോലിയ്ക്കു പോയി.

'അത്താ—' അവളുടെ കയ്യിലിരുന്നുകൊണ്ടു് ആ കുഞ്ഞു വിളിച്ചു.

"അത്താ ഇപ്പവരും എൻെറ കൊച്ചു കള്ളനിവിടെ കിടക്കു്--" നിലത്തു് ഒരു പായ് വിരിച്ചു് അതിൽ ഒരു പഴം തുണിയുമിട്ടു് അതിനെ അതിൽ കിടത്തി.

'അത്താ —' ആകുഞ്ഞു ചിരിച്ചുകൊണ്ടു പറഞ്ഞു. പല്ലുകൾ മുളയ്ക്കാത്ത ആ കുഞ്ഞിൻെറ ചിരി കാണുവാനവൾക്കു പ്രത്യേകമൊരു സന്തോഷമുണ്ടായിരുന്നു.

* * * *

ആ കുടിലിൽ അങ്ങനെ മൂന്നു ജീവിതങ്ങളുണ്ടായി. നീലാണ്ടൻ, മാധവി, വിജയൻ--അതാണു് അവർ ആ മകനു വേണ്ടി തിരഞ്ഞെടുത്ത ഓമനപ്പേരു്.

"ചെറുക്കൻ മഹാ ശുണ്ഠിക്കാരനാ--" അവനെ അച്ഛൻെറ സമീപത്തു നിറുത്തിയിട്ടു് മാധവി പറഞ്ഞു.
അയാൾ ചിരിച്ചു.

അവന്‍ അച്ഛന്‍റെ നെഞ്ചില്‍ വളര്‍ന്നുനിന്നിരുന്നരോമങ്ങളെ ഒരു കയ്യുകൊണ്ടു് പിഴുതെടുക്കുവാന്‍ ശ്രമിച്ചു.

"തെമ്മാടീ—" അതിനിട്ടു് പതുക്കെ ഒരടികൊടുത്തിട്ടു അവള്‍ അവനെ എടുത്തു് എളിയിലിരുത്തി.

അവന്‍ ഒരു കയ്യു് അവളുടെ ബ്ളൗസിനടിയില്‍ കടത്തി അവളുടെ വക്ഷോജങ്ങളില്‍ ശക്തിയായി അമര്‍ത്തിക്കൊണ്ടു അച്ഛന്‍റെ മുഖത്തേക്കു നോക്കി ചിരിച്ചു.

ആ അച്ഛന്‍ ചിരിച്ചുപോയി. അവന്‍റെ പിടി വിടുവിക്കാനുള്ള യത്നത്തില്‍ പരാജിതയായി അവള്‍ ലജ്ജിച്ചു തല താഴ്ത്തി.

*　　*　　*　　*

വിജയനെ ഒരു ആശാന്‍റെ എഴുത്തുപള്ളിയില്‍ ആക്കി. അവന്‍ ശ്രദ്ധയോടെ പഠിച്ചു—ആ ആശാന്‍ പറഞ്ഞുകൊടുത്തതെല്ലാം. ഒരു നല്ല അനുസരണയുള്ള കുട്ടിയാകണം തന്‍റെ മകനെന്നു് നീലാണ്ടന്‍ ആശിച്ചു. തന്‍റെ മകന്‍ പഠിച്ചും പഠിച്ചു് ഉദ്യോഗവുമെല്ലാം വാങ്ങി ഒരു കേമനായിരിക്കുന്നതു് കാണണമെന്നാണ് മാധവിയുടെ ആഗ്രഹം. പാവം! ആ തുപ്പുകാരിയുടെ ആശ!

അവനെക്കണ്ടുകൊണ്ടു് ആ അമ്മ പല സങ്കല്പസൗധങ്ങളും കെട്ടിയുയര്‍ത്തിയേക്കാം. കാലക്രമത്തില്‍—ഭയാനകമായ ഭാവിയുടെ ഇടിവെട്ടലില്‍ ആ സൌധങ്ങള്‍ തകര്‍ന്നു് തരിപ്പണമാകുമെന്നു് ഒരുപക്ഷേ അവളറിയുന്നില്ല. അന്ധകാരം നിറഞ്ഞ ഭാവിയെ മിഥ്യാസുന്ദരമായ ഒരു ഭാവിയായിട്ടാണവള്‍ സ്വപ്നം കാണുന്നതു്.

*　　*　　*　　*

ഒമ്പതു വർഷങ്ങൾ കഴിഞ്ഞു.

നീണ്ട ആ വർഷങ്ങൾക്കുള്ളിൽ എന്തൊരു മാററമാണീ ലോകത്തിലുണ്ടാകുക. മനുഷ്യൻെറ മസ്തിഷ്ക്കം എപ്പോഴും ചൂടുതട്ടിക്കൊണ്ടല്ലാതെ അതിനു വിശ്രമിക്കാനനുവാദമിതിനകം നിയതി നൽകിയിട്ടില്ല. സർവ്വസംഹാരിയായ ആററംബോംബു കണ്ടു പിടിച്ച മനുഷ്യൻ അതിനപ്പുറം നിൽക്കുന്ന—ഇന്നുവരെ കീഴടക്കാൻ സാധിക്കാത്ത—ആ മഹാശക്തിയുടെ രഹസ്യം കണ്ടു പിടിയ്ക്കുന്നതിനു രാപകൽ ശ്രമിക്കുകയാണ്. സങ്കല്പസുന്ദരങ്ങളായ പൗരാണിക കാലങ്ങൾ ചിറകടിച്ചു പറന്ന ചിന്തകളുടെ ബഹുമുഖമായുണ്ടായ ബന്ധുരസന്താനങ്ങളാണ് ആധുനിക കണ്ടുപിടിത്തങ്ങൾ എന്ന് ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നു. അനുമാനങ്ങൾകൊണ്ട് തെളിവുകൾ ശേഖരിച്ചു വിജയിയാകുന്ന അപസർപ്പക വിദഗ്ദ്ധന്മാരെപ്പോലെ ഇപ്പോഴത്തെ അനുമാനങ്ങളിൽ നിന്നും, തർക്കശാസ്ത്രത്തെ ഇപ്പോഴും ശാസ്ത്രങ്ങളുടെ ശിരോരത്നമായി വച്ചു പുലർത്തുന്ന ആ ഒററ മഹാശക്തിയെ കീഴടക്കാമെന്ന് ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ഭൗതിക വാദത്തിൻെറ അങ്ങേ അററത്തെ പടിയിലേയ്ക്ക് മനുഷ്യൻ അങ്ങനെ നീങ്ങുകയാണ്.

കുഗ്രാമങ്ങളായി ആരാലും അറിയപ്പെടാതെ കർഷകജീവിതങ്ങൾ തകർന്നടിഞ്ഞു കിടന്നിരുന്ന നാട്ടിൻ പുറങ്ങൾ പരിഷ്ക്കാരത്തിൻെറ അലതല്ലലേററ് ഉന്നുണർന്നു. പട്ടണത്തിലേയ്ക്കു നോക്കിയപ്പോൾ അവിടുള്ളവർ ജീവിക്കുന്നതു കണ്ടു. പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞ ഗ്രാമീണരും കർഷകരും ജീവിതരംഗത്തേക്കിറങ്ങുവാൻ തീരുമാനിച്ചു. അവർ അതിനു പ്രേരിതരായി. ജീവിയ്ക്കുവാനുള്ള ആഗ്രഹം അവരെ മുന്നോട്ടു നടത്തി.

* * * *

ചെറിയ തോതിൽ നടത്തിവന്നിരുന്ന 'ദാരിദ്ര്യവിലാസം ഹോട്ടലുകളെല്ലാം—'ഹോട്ടൽ ഡി പാർക്ക്', 'ഹിന്ദുസ്ഥാൻ കഫേ', 'നാഷണൽ ലഞ്ച്ഹോം' എന്ന പേരിനാൽ വലിയ കെട്ടിടങ്ങളിൽ സ്ഥാപിക്കപ്പെട്ടു. ചെറിയതരം കടക്കാർ വാണിജ്യനായകന്മാരായി. ബാങ്കുകൾ, എല്ലായിടത്തും സിനിമാശാലകൾ—അങ്ങനെ പട്ടണങ്ങൾ വലിയ നഗരങ്ങളായി. പരിഷ്ക്കാരവും പരിവർത്തനവും വരുത്തിയ കൂട്ടിയ മാററങ്ങൾ!

എന്നാൽ ആ പാവപ്പെട്ട തുപ്പുകാരിയുടെ വീട്ടിൽ മാത്രം ഈ പരിഷ്ക്കാരവും പരിവർത്തനവും എത്തിനോക്കിയതേയില്ല. നീലാണ്ടനും മാധവിയും വിജയനും—ആ മൂന്നു ജീവിതങ്ങളും ഇപ്പോഴുമവിടെയുണ്ട്. നീണ്ട ഒമ്പതു വർഷം അവർ പിന്നിട്ടു എന്നു മാത്രം.

അന്നത്തെ യുവതിയായ മാധവി ഇന്നൊരു മദ്ധ്യവയസ്കയായി. ശിശുവായിരുന്ന വിജയൻ ഒരു ബാലനായി. സന്തുഷ്ടിയും സുഭിക്ഷതയും നർത്തനമാടിയിരുന്ന ആ കൊച്ചുകുടിലിൽ കരാളമായ ദുർഭിക്ഷതയുടെ കാൽച്ചിലമ്പൊലികൾ കേട്ടു തുടങ്ങി. ഒരു കൂട്ടർ ഉയരുമ്പോൾ മറെറാരു കൂട്ടർ താഴണമല്ലോ.

*　　　　*　　　　*　　　　*

വിജയൻ സെക്കൻറ് ഫാറത്തിൽ പഠിക്കയാണ്. അതെ ആ തുപ്പുകാരിയുടെ അഭിലാഷമാണത്—തൻെറ മകൻ ഇംഗ്ലീഷുമെല്ലാം പഠിച്ച് ഒരു ഉയർന്ന ഉദ്യോഗത്തിലെത്തണമെന്ന്. അതാണ് അവരുടെ വയറപൊരിഞ്ഞും അവനെ ഇംഗ്ലീഷുസ്കൂളിൽ ചേർത്തത്.

വിദ്യാലയത്തിലേയ്ക്കു അണിഞ്ഞൊരുങ്ങിപ്പോകുന്ന അവനെ അമ്മ—ആകാംക്ഷയോടെ ഒളിച്ചുനിന്നു നോക്കുന്നതവൻ പലപ്പോഴും കണ്ടിട്ടുണ്ട്. അവൻ അവളുടെ കണ്ണിൽനിന്നു

മറയുമ്പോൾ അവയിൽനിന്നുതിരുന്ന അശ്രുബിന്ദുക്കൾ അവ ൾതന്നെ തുടച്ചുകളയും. അല്ലാതെ അതു തുടച്ചുകളയുന്നതിനു് ആ പിഞ്ചുപ്പൈതലോ സ്നേഹമുള്ള അവളുടെ ഭർത്താവോ ഉ ണ്ടായിരിക്കയില്ല.

അപ്പോഴുമവൾ ജോലിയ്ക്കുപോകുമായിരുന്നു. അതവളു ടെ ദൃഢ നിശ്ചയമാണു്.

അയാൾ തന്നിൽനിന്നകന്നകന്നു പോകുന്നതായി അവൾ ക്കുതോന്നി. രാവിലെ ജോലിയ്ക്കുപോയാൽ തിരിച്ചുവരുന്നതു് ചിലപ്പോൾ മദ്ധ്യാഹ്നം കഴിഞ്ഞായിരിക്കും. ചില ദിവസങ്ങ ളിൽ അവിടെനിന്നും അയാൾ ആഹാരം കഴിക്കാറില്ല. ആ ഓമനപ്പുത്രൻെറ കാര്യത്തെപ്പററി അയാൾ ഒന്നന്വേഷിക്കാ റേയില്ല. അവളെ അതെല്ലാം ഉമിത്തീപോലെ നീറിച്ചു.

അയാൾ കുറേശ്ശെ മദ്യപാനം തുടങ്ങിയെന്നവൾക്കു മനസ്സി ലായി. രാത്രി പത്തുമണിവരെ ആ മദിരോത്സവത്തിലാറാടി, കലിങ്കുകളിലും കമ്പിത്തൂണുകളിലും ചെന്നു തലയും കാലുമടി ച്ചു് ബോധരഹിതനായി നിലംപതിക്കുന്ന നീലാണ്ടനെ ചില അയൽപക്കത്തുകാർ ആ വീട്ടിൽ പലപ്പോഴും കൊണ്ടുചെന്നാ ക്കിയിട്ടുണ്ടു്.

ഭർത്താവിൻെറ ഈവക പ്രവൃത്തികൾ അവളെ അമ്പരി പ്പിച്ചു. 'മാതവീ'—എന്നു് മധുര മധുരമായി പുറപ്പെടാറുണ്ടാ യിരുന്ന ശബ്ദം "എഴീമൂധേവി"—എന്നായി പലപ്പോഴും. അ തിലവൾക്കു ഖേദമില്ല—ആ ഓമനപ്പുത്രനെ ഒന്നു് അയാൾ മോനേ,'—എന്നു വിളച്ചുകേട്ടാൽ മതിയായിരുന്നു. എന്നാൽ നിരാശ—നീറുന്ന നിരാശ മാത്രം.

X X X X

അന്നുമവൾ പതിനൊന്നുമണിവരെ അയാളെ കാത്തിരുന്നു—അത്താഴവും കാലമാക്കി വച്ചുകൊണ്ടു്. അയാളെ കണ്ടില്ല. അവൾ ആശയോടെ തുറന്നുകിടന്ന വാതിലിൽക്കൂടെ വെളിയിലേക്കു നോക്കും. ഇല്ല—ഒന്നുമില്ല. ആ ഒരു ഹൃദയത്തിനുവേണ്ടി അവൾ ഏകാന്തതയിലിരുന്നു യാചിച്ചു. അതും വിഫലമായി.

ഒടുവിലവൾ വാതിലടച്ചു. കിടക്കുവാൻ പായ് വിരിച്ചു. ആ കൊച്ചു മണ്ണെണ്ണവിളക്ക് അവളുടെ അകംപോലെ മങ്ങിനിന്നു. അതു തന്നെനോക്കി പരിഹസിക്കുന്നതു പോലെയവൾക്കു തോന്നി. അവൾ അതണച്ചു.

വെളിയിൽ ആരോ കതകിനുതട്ടി. അവൾ ചെവി വട്ടം പിടിച്ചു. 'മാധവി'—ആ ശബ്ദം അവളെ ഞെട്ടിച്ചു. "ആരാ, അതു്?"—അവൾ അകത്തു നിന്നുകൊണ്ടു ചോദിച്ചു.

"ഞാൻതന്നെ—തുറക്കു ഇതു്"—അവൾ ആളെ തിരിച്ചറിഞ്ഞു. മുൻസിപ്പാൽ ആഫീസിൽ പുതിയതായി വന്ന 'ഓവർസീയർ' ആയിരുന്നു അതു്. അപ്രതീക്ഷതമായ അയാളുടെ ആഗമനം അവളെ ഭയപ്പെടുത്തി.

കഴിഞ്ഞ മാസത്തിൻെറ അവസാനത്തിൽ ശമ്പളം വാങ്ങിക്കുവാനവൾ ആഫീസിൽ ചെന്നപ്പോൾ ആ ചെറുപ്പക്കാരനായ ഓവർസീയർ അവളെ ഒരു പുഞ്ചിരിയോടെ നോക്കിയതും പോരുന്ന സമയത്തു് കവിഭാഷയിൽ അവളോടു എന്തോ ഒന്നു ചോദിച്ചതും അവളുടെ സ്മരണയിൽ പൊങ്ങിവന്നു. പക്ഷേ അയാൾ ആ അസമയത്തു് തന്നെ അന്വേഷിച്ചു ആ കുടിലിൽവരുമെന്നു് അവൾ സ്വപ്നേപി വിചാരിച്ചില്ല.

"തുറക്കെടീ"—വീണ്ടും ആ ശബ്ദം. "എന്തിനാ—ഇവിടാരുമില്ല"—അവൾ പറഞ്ഞു.

"അതെനിക്കറിയാം—തുറക്കു്"—ഓവർസീയർ വീണ്ടും പറഞ്ഞു.

"എന്തിനാണെ—ഇപ്പോൾ ഒക്കത്തില്ല"—അവൾ നിശ്ചിത സ്വരത്തിൽ പറഞ്ഞു.

"നീ തുറക്കുകയില്ല അല്ലേ?"—ഒരു പ്രതികാരേച്ഛ ആ ചോദ്യത്തിൽ ലീനമായി കിടന്നിരുന്നു.

"ഇല്ല"—അതിൽ ഒരു കൂസലില്ലായ്മയും. കുറച്ചു നേരത്തെ നിശ്ശബ്ദത.

"ആരാണെഴാ—മുററത്തു്?" കുറച്ചകലെനിന്നും മദിരയിൽ കുളിച്ച നീലാണ്ടൻെറ ചോദ്യം!

ഓവർസീയർ ഒന്നു നടുങ്ങി. എങ്ങോട്ടാണു് ഓടേണ്ടതെന്നയാൾക്കു നിശ്ചയമില്ലാ. ആ കൊച്ചു കുടിലിനു ചുററും കെട്ടിപ്പൊക്കിയ വേലിയ്ക്കു്—ഒരൊററ പടിമാത്രമേയുള്ളു. അവിടെനിന്നാണു് നീലാണ്ടൻെറ ആ ചോദ്യം ഇഴഞ്ഞു വന്നതു്. തൻെറ ശിരസ്സിൽ പുകവന്നു കയറുന്നതുപോലെ ഓവർസീയർക്കു തോന്നി. ഇതികർത്തവ്യതാമൂഢനായിത്തീർന്ന അയാളുടെ പെടലിയ്ക്കു് നീലാണ്ടൻ കയറിപ്പിടിച്ചു.

അയാൾ 'അയ്യോ' എന്നു വിളിച്ചു. പിടിവിടുവിയ്ക്കാൻ ശ്രമിച്ചെങ്കിലും 'മദിരാഭഗവതി' ആവേശിച്ച നീലാണ്ടൻെറ അസാമാന്യമായ ഭുജശക്തിയിൽ അതു വിഫലമായി.

"നീ—നീ—ആരെഴാ—?"— ആ മദ്യപാഹരിപിടിച്ച തലച്ചോറു് അയാളോടു ചോദിച്ചു. മറുപടി പറയാൻ ആ മാന്യനു് ധൈര്യമുണ്ടായില്ല.

"അഴെട—നി—പഴയത്തില്ലേ" അയാളുടെ മുതുകിന് ഒരിടി സമ്മാനിച്ചുകൊണ്ടു നീലാണ്ടൻ ചോദിച്ചു. 'അയ്യോ' എന്നു വിളിച്ചുകൊണ്ടയാൾ നിലത്തു വീണു. പിറകേ കാലു കൊണ്ടു രണ്ടു തൊഴിയും.

"ഞാനഴിയുമെഴാ നിന്നെ. ഉം ഇപ്പം നീ പെയ്ക്കോ"— നീലാണ്ടൻ നടന്ന് ആ വാതിലിൽ മുട്ടിവിളിച്ചു. അയാൾ എഴുന്നേററ് കൊടുംകാററത്ത് കരിയിലപോലെ പറന്നു പോയി.

"എഴീ........മൂധേവി"—ആ ഭർത്താവ് ഭാര്യക്കിട്ടിരിക്കുന്ന ഓമനപ്പേരു്. അവൾ വിറച്ചു വിറച്ചു അകത്തു് നില്ക്കുകയായിരുന്നു. വെളിൽ നടന്നതെല്ലാമവൾ അറിഞ്ഞു. ഒരു അപരാധിനിയുടെ ഹൃദയപ്പതർച്ചയോടും ഭീതിയാൽ കരുവാളിച്ച മുഖത്തോടുംകൂടി ആ ഭാര്യ അകത്തു്. അടക്കവയ്യാത്ത അമർഷവും കത്തിക്കാളുന്ന വൈരാഗ്യവും വഹിച്ചുകൊണ്ടു ആ ഭർത്താവു വെളിയിൽ. അവരെ വേർതിരിച്ചു നിർത്തിയിരിക്കുന്നതു് ആ ഉറഞ്ഞ വാതിൽമാത്രം. "തുറക്കെഴീ"— വീണ്ടുമയാൾ മുട്ടിവിളിച്ചു.

അവളുടെ കാലുകളനങ്ങിയില്ല. നിശ്ശബ്ദത അകത്തു്, നിശ്ചലത വെളിയിൽ. അങ്ങനെ കുറെസമയം കഴിഞ്ഞു.

ഒരു കാൽകൊണ്ടു് അയാൾ ആ വാതിലിൽ ആഞ്ഞു് ഒന്നു ചവുട്ടി. അതു് അകത്തേയ്ക്കു മറിഞ്ഞു.

"അമ്മേ"—വിജയനരണന്ന് വിളിച്ചു. അതിന് മറുപടി യവിടെയുയന്നില്ല.

# IV

തൊഴിലാളികളുടെ സമരം അപ്പോഴുമവിടെ തുടർന്നു കൊണ്ടിരുന്നു. പ്രശാന്തമായ ഒരന്തരീക്ഷത്തിൽ.

തോട്ടിയും, തൂപ്പുകാരനും, കയർഫാക്ടറിയിലെ തൊഴിലാളിയും, ബീഡി തൊഴിലാളിയും എല്ലാവരും അണിനിരന്നു. അവകാശത്തിന്റെയും ആവശ്യത്തിന്റെയും താഴ്വരകളിൽ നിന്നുകൊണ്ടു് അധികാരത്തിന്റെ ഉന്നത ശൃംഗത്തിലേയ്ക്കു് അവർ ഒന്നുനോക്കി. ജീവിയ്ക്കുവാൻ വേണ്ടിയുള്ള — മരിയ്ക്കാതിരിയ്ക്കുവാൻ വേണ്ടിയുള്ള — ഒരു സമരത്തിനും ആവശ്യം അവരെ പ്രേരിപ്പിച്ചു. ആത്മാഭിമാനവും സ്വദേശസ്നേഹവും അവർക്കു പശ്ചാത്തലമൊരുക്കിക്കൊടുത്തു. ചൂഷണത്തിനും മർദ്ദനത്തിനും നേരെ അവരുടെ പ്രതികാരമോഹം തിളച്ചുയർന്നു.

എതിർപ്പുദിവസങ്ങൾ മുന്നോട്ടുപോയി — സമാധാനപരമായി. സാമ്രാജ്യങ്ങൾ പിടിച്ചടക്കുവാനോ ചെങ്കോലിനെ തകർക്കുന്നതിനോ അല്ല — അവരുടെ അവശതകൾ പരിഹരിക്കണം - അവകാശങ്ങൾ സ്ഥാപിക്കണം അതുമാത്രം മതി അവർക്കു്. എല്ലാ തൊഴിലാളികളിലുമൊരു പ്രസരിപ്പു്.

പണിമുടക്കു്! പണിമുടക്കു്!! ഒരട്ടഹാസം. അതിന്റെ മാറെറാലി ഓരോ തൊഴിലാളിയുടേയും ഹൃദയത്തിലലതല്ലി. വിപ്ലവത്തിന്റെ കാർമേഘങ്ങൾ വന്നു നിറഞ്ഞു് അവിടം മുഴുവൻ അന്ധകാരമയമായിത്തീർന്നു. പട്ടിണിയുടെ ഉഗ്രമായ കൊടുങ്കാററിൽ ആ തൊഴിലാളികുടുംബങ്ങൾ ഇളകിയാടി.

പരുപരുത്ത ജീവിതയഥാർത്ഥ്യങ്ങൾ ഓരോ തൊഴിലാളിയുടേയും മുന്നിൽ വന്നു നിറഞ്ഞു. അവൻ അതിനോടടുത്തപ്പോഴാണു് അവ കനത്ത കരിങ്കല്ലിനേക്കാൾ ഭയങ്കരമാണെന്നവനു മ

സ്ഥിലായത്ത്. അപ്പോഴാണവൻ ഹൃദയം നൊന്തു കരഞ്ഞത്. അപ്പോഴാണവനെ സമരത്തിനുവേണ്ടി കർത്തവ്യം പ്രേരിപ്പിച്ചത്.

* * * *

തൊഴിലാളി പ്രവർത്തകരുടെ ആജ്ഞയെ വിഗണിച്ചു ജോലിചെയ്ത മാധവിയുടെ ചൂലും കൊട്ടയും വാങ്ങി ഓടയിലെറിഞ്ഞു—ഒരു തൊഴിലാളി. അവൾ മാത്രം ജോലിചെയ്യുന്നത് അവരുടെ പരാജയം തുറന്നു കൊടുക്കയാണെന്നയാൾ പറഞ്ഞു. എല്ലാവർക്കും ഉണ്ണുവാനും ഉടുക്കുവാനും വസിക്കുവാനും വേണ്ടതു് കിട്ടാത്തതിനായിട്ടാണ് തങ്ങൾ സമരം നടത്തുന്നതെന്നും അവൾക്കുമാത്രം ജീവിച്ചാൽപോരെന്നും അതിനാൽ തങ്ങളുടെ കീഴിൽ ആ സമരത്തിനായി അണിനിരക്കണമെന്നും ആ തൊഴിലാളി അവളെ ഉപദേശിച്ചു.

അവൾ വീട്ടിലേയ്ക്കു നടന്നു—നീറുന്ന നിരാശയോടെ. നീലാണ്ടൻ അവിടെ വരാതെയായിട്ട് അന്നേയ്ക്കു് പതിമ്മൂന്നു ദിവസമായി. അന്നു രാത്രി ഓവർസീയറുമായുണ്ടായ അടിപിടുത്തം അവളുടെ സ്മരണയിലെപ്പോഴും ഉയർന്നുവന്നു. അന്നത്തേതിന്നുശേഷം അയാൾ ആ വീട്ടിൽ കയറിയിട്ടേയില്ല. അവൾ പലരേയും പറഞ്ഞയച്ചിട്ടും അയാൾ അങ്ങോട്ടു തിരിഞ്ഞു നോക്കിയില്ല.

വിജയൻ—അവളുടെ ആ ഓമനപ്പുത്രൻ—ദിവസം ആയിരം തവണ വീതം അച്ഛനെ അന്വേഷിക്കും. ആ അന്വേഷണത്തിന്റെ മുന്നിൽ തോരാത്തകണ്ണുനീർ മാത്രമേ അവൾക്കു് നൽകുവാനുള്ളു. ഒരോദിവസം ചെല്ലുന്തോറും അവളുടെ മനസ്സു കൂടുതൽ വേദനിപ്പിച്ചിരുന്നു.

ആ ഓവർസീയറുടെ അപ്രതീക്ഷിതമായ ആഗമനമാണ് തന്നെ തന്റെ ഭർത്താവ് തെററിദ്ധരിക്കുന്നതിന് കാരണമാക്കി

യതെന്നോർത്തപ്പോൾ ആ പതിവ്രതയുടെ കരൾ കാളി കത്തിത്തുടങ്ങി. സമുദായത്തിന്റേയും നാട്ടുകാരുടേയുമിടയിൽ താനൊരപരാധിനിയാണെന്നവൾക്കു ബോദ്ധ്യമുണ്ടായി. തന്റെ നിരപരാധിത്വം തനിക്കു ബോദ്ധ്യമുണ്ടെങ്കിലും അതു് അന്യരെയെങ്ങിനെ ബോദ്ധ്യപ്പെടുത്തുമെന്നവൾക്കറിഞ്ഞുകൂടാ. അഥവാ അവൾ എന്തെങ്കിലും പറഞ്ഞാൽതന്നെ ഒരു വേശ്യയുടെ നിരർത്ഥമായ പുലമ്പൽ ആയിട്ടല്ലാതെ അവർ ഗണിക്കുമോ? അങ്ങനെ ആ മാർഗ്ഗമേ അടഞ്ഞതായി അവൾക്കു തോന്നി.

*   *   *   *

പണിമുടക്കിന്റെ മൂന്നാംദിവസം പോലിസുകാർ അതിൽ ഇടപെട്ടുതുടങ്ങി. ലാത്തിച്ചാർജ്ജും, കണ്ണുനീർഗ്യാസും സർവ്വസാധാരണയായി. കയ്യിൽകിട്ടിയവരുടെയെല്ലാം തലയവരട്ടിച്ചു പൊളിച്ചു, മുട്ടുകൾ ചതച്ചു. നിരപരാധികളെ നിലംപതിക്കുന്നതുവരെ മർദ്ദിച്ചു. രക്തദാഹംപൂണ്ട ലാത്തികൾ ആ ചുവപ്പുതൊപ്പിക്കാരുടെ കയ്യിലിരുന്നുകൊണ്ടു നാക്കുനീട്ടി അതിനു തൃപ്തിവരുവോളം അതു പാനം ചെയ്തു.

സമാധാനചിഹ്നം മുഴവനും അടിച്ചുമാററിക്കൊണ്ടു് ഒരു കൊടുങ്കാററു് എവിടെനിന്നെന്നറിയാതെ അടിച്ചു. പ്രളയകാലത്തെ ഇടിമുഴക്കങ്ങളാരംഭിച്ചതായി എല്ലാവരും വിചാരിച്ചു. നാട്ടുകാർ കൂട്ടത്തോടെ ഇളകി. സമരമുന്നേററത്തിന്റെ ഇരമ്പിപ്പാച്ചിലിൽ അവർ മുന്നോട്ടു പോയി.

ഓരോ പൌരന്റേയും ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന പൈശാചികമർദ്ദനങ്ങൾ നാടൊട്ടുക്കു നടമാടി. മർദ്ദനത്തിന്റെ സ്വാദു് ഓരോ നാട്ടുകാരനുമനുഭവിച്ചു. അപ്പോഴാണു് അതിനു കയ്പ്പുണ്ടെന്നവനു മനസ്സിലായതു്.

*   *   *   *

സ്കൂൾവിട്ടു കുറച്ചുനേരമായിട്ടും തൻെറ മകനെ കാണാഞ്ഞിട്ടവൾ അമ്പരന്നു. അന്നു വിദ്യാലയത്തിലും പണിമുടക്കാണെന്നു് ഉച്ചയ്ക്കുശേഷമാണവൾക്കു് മനസ്സിലായതു്. ഓരോ നിമിഷവും മുന്നോട്ടു പോകുംതോറുമവളുടെ ഭീതി വർദ്ധിച്ചു.

“പണിമുടക്കു് ജയിക്കട്ടെ”

“ഞങ്ങൾക്കും ജീവിക്കണം”

“തന്നില്ലെങ്കിൽ പിടിച്ചുവാങ്ങും” ദൂരെനിന്നുമൊരു ഇരവം. അതിനിടയ്ക്കു മുഴങ്ങിയ മുദ്രാവാക്യ കാഹളങ്ങളാണു് അവൾ കേട്ടതു്.

അവൾ പടിയ്ക്കലേയ്ക്കു് ഓടി. ദൂരെനിന്നും ആയിരക്കണക്കിനു് ആളുകൾ പങ്കെടുത്ത ഘോഷയാത്ര അങ്ങോട്ടു നീങ്ങി വരുന്നുണ്ടായിരുന്നു. അതിൻെറ മുമ്പിലൊരാൾ ഒരു മുളയിൽ ഒരു കൊടി ഉയർത്തിപ്പിടിച്ചിരുന്നു. സായാഹ്നസൂര്യൻെറ കതിരുകൾതട്ടി ആ കൊടി ശോഭിച്ചു. പടിഞ്ഞാറുനിന്നടിച്ച ആ കാററിൽ അതു പാറിപ്പറന്നു. അതുകണ്ടപ്പോളവൾക്കു കോരിത്തരിച്ചു.

അതു സാവധാനം ആ വീട്ടിനോടടുത്തു. ഹൃദയമിടിപ്പടക്കിക്കൊണ്ടു് അവൾ അതുതന്നെ നോക്കിക്കൊണ്ടു നിന്നു.

ആ കൊടി പിടിച്ചിരുന്നതു് നീലാണ്ടനായിരുന്നു. അവൾക്കവളുടെ കണ്ണുകളെപ്പോലും വിശ്വസിക്കുവാൻ നിവൃത്തിയില്ലാതായി. അയാൾ വിളറിവെളുത്തു് ക്ഷീണിച്ചു് വളരെ പരവശനായിരുന്നു. വളരെ ദിവസങ്ങൾക്കുശേഷമാണവൾ നീലാണ്ടനെ കാണുന്നതു്. അയാൾ അവളെ കണ്ടു. ഒരു നിമിഷത്തിനകം തൻെറ കണ്ണുകൾ അവളിൽ നിന്നും പറിച്ചെടുത്തുകൊണ്ടു് അയാൾ മുന്നോട്ടുപോയി. ഒരു ഇടിമുഴക്കം തൻെറ ചെവിയിലുണ്ടായതുപോലെയവൾക്കു തോന്നി—അയാൾ മുദ്രാവാക്യം വി

ളിച്ചപ്പോൾ. അരാമൈൽ നീളമുണ്ടായിരുന്ന ആ ഘോഷയാത്രയുടെ അവസാനം വിദ്യാർത്ഥികളായിരുന്നു. അതിൻെറ ഏററവും പിറകിലായി അവളുടെ മകനെ അവൾ കണ്ടു. ഒരു കരച്ചിലോടെ അവൾ പിറകോട്ടു മറിഞ്ഞു. അതാപുത്രൻ കണ്ടിരിക്കാനിടയില്ല. അവർ മുന്നോട്ടു നീങ്ങി.

*   *   *   *

"പട്ടാളം വന്നിട്ടുണ്ടു്"—അന്നത്തെ പ്രതിഷേധയോഗം കഴിഞ്ഞു മടങ്ങിയ ചിലർ പറയുന്നതു് ആ തുപ്പുകാരി കേട്ടു. അവളുടെ ഉള്ളിൽ ഭീതി ഇരട്ടിച്ചു. രാത്രി അത്രസമയമായിട്ടും അവളുടെ മകൻ വന്നുചേർന്നില്ല. അവനും അവൻെറ അച്ഛൻെറ കൂടെ—ജീവിക്കാൻ വേണ്ടിയുള്ള സമരത്തിൽ പങ്കുകൊള്ളാൻ പോയിരിക്കയാണു്.

അകലെയൊരു കൂട്ടനിലവിളി കേട്ടു് അവൾ ഞെട്ടി. കാരണമവൾക്കു മനസ്സിലായില്ല. അതറിവാനവളുടെ മനംധൃതിപ്പെട്ടു. അല്പംകൂടി കഴിഞ്ഞപ്പോൾ തെക്കെ വീട്ടിൽനിന്നൊരു നിലവിളി—"അയ്യോ! പട്ടാളം!! പട്ടാളം!!!"

അവളുടെ ശരീരം വേർത്തൊലിച്ചു. ഭീതിയാലതു ചുരുങ്ങിപ്പോയി. ഒരു 'കറ കറാ' ശബ്ദം അവൾ മുററത്തു കേട്ടു. അതു് 'ഷൂസി'ൻെറതാണെന്നവൾക്കു തോന്നി. ഉടൻതന്നെ ആ കതകു് ആരോ വെളിയിൽനിന്നും തല്ലിത്തകർത്തു. അവൾ ഒന്നു പിടച്ചു. ഒരു പുളിമണം അവിടെ പ്രസരിച്ചു. ആ കാക്കിയുടുപ്പിൻെറ കയ്യിലവളമർന്നു. ഒന്നുകൂടി അവൾ പിടഞ്ഞു. അയാൾ ബലമായി പിടിച്ചു. അവൾ ഒന്നു ഞരങ്ങി.

*   *   *   *

പാതിരാക്കോഴി കൂവിയപ്പോൾ അയാളവിടെനിന്നുമിറങ്ങിപ്പോയി! അവളപ്പോൾ രക്തത്തിൽ കുളിച്ചു കിടക്കുകയാണു്.

ആ രാത്രിയിൽ ആ നാട്ടിൽ അവമാനിതരാവാത്ത യുവതികളും അവഹേളിക്കപ്പെടാത്ത കുടിലുകളും അവശേഷിച്ചിട്ടേയില്ല എന്നു് ആ ജീവച്ഛവം അറിഞ്ഞില്ല. ആ നാടുമുഴവൻ നേരം വെളുക്കുന്നതുവരെ കരഞ്ഞുകൊണ്ടിരുന്നു. പട്ടാള നിയമത്തിൻെറ പട്ടടയായിത്തീർന്ന ആ നാട്ടിൻപുറം എങ്ങിനെ കരയാതിരിക്കും?

പിറേറന്നു് എഴുനേൽക്കുന്നതിനുപോലും ശക്തിയവൾക്കില്ലായിരുന്നു. മദ്ധ്യാഹ്നമാകുന്നതുവരെ തിരിഞ്ഞും മറിഞ്ഞും കിടന്നു കഴിച്ചുകൂട്ടി. വാത്സല്യനിധിയായ പിതാവിനെ വിളിച്ചവൾ കേണു. അകം തകർന്നു കേണു.

"പാവം! ആ നീലാണ്ടനും പോയല്ലോ." ആരോ വഴിയേ കൂടി പറഞ്ഞുകൊണ്ടു പോകുന്നു.

"എന്തു പററി?"—ഒരാളന്വേഷിച്ചു.

"വെടി കൊണ്ടു—വെടി—"അയാൾ പറഞ്ഞിട്ടു് വേഗം നടന്നു.

അവൾ അറിഞ്ഞു—ആ ഭർത്താവു മരിച്ചെന്നു്. അതേ അതു യഥാർത്ഥമായിരുന്നു.

"ആ പെണ്ണിൻെറ കാര്യമാ കഷ്ടത്തിലായതു്"

"അയാളുടെ മകനെന്തേ—?"

"കാലിൻെറ മുട്ടു് തല്ലിയൊടിച്ചു് അവർ ആസ്ഥപത്രിയിൽ കൊണ്ടു പോയിട്ടിരിക്കുന്നു—"

പിറകേ അങ്ങനെയൊരു സംസാരം. അവൾ കേൾക്കേണ്ടതെല്ലാം കേട്ടു—അറിയേണ്ടതെല്ലാമറിഞ്ഞു—അനുഭവിക്കേണ്ടതെല്ലാമനുഭവിച്ചു—.

നീറുന്ന ചിന്തകൾ അവളുടെ കരളിനെ പൊതിഞ്ഞു. തന്റെ ശിരസ്സിൽ പുകവന്നു കയറുന്നതുപോലെയൊ—ഈ അനന്തമായ ബ്രഹ്മാണ്ഡമെല്ലാം തകർന്നു തരിപ്പണമാകുന്നതുപോലെയോ അവൾക്കു തോന്നി.

*　　　*　　　*　　　*

അവളൊന്നു മയങ്ങി—അതാ കൺമുമ്പിലവൾ കാണുന്നു—ഒരു ചൂടിക്കട്ടിലിൽ പഴന്തുണിയിൽ പൊതിഞ്ഞ ആ പേക്കോലം—അവളുടെയച്ഛൻ—അദ്ദേഹത്തിന്റെയവസാന നോട്ടവും യാത്രപറച്ചിലും—ശ്മശാനത്തിലേയ്ക്കുള്ള യാത്ര—പരിഷ്കാരവും പരിവർത്തനവും നിറഞ്ഞ പട്ടണത്തിലേയ്ക്കുള്ള അവളുടെ പ്രവേശം—അവിടത്തെ അപരിചിതമായ സംഭവങ്ങൾ—നീലാണ്ടന്റെ സന്ധ്യാസമയത്തെ ആഗമനവും നിരാശയോടെയുള്ള തിരിച്ചുപോക്കും—ആനന്ദക്കളിരണയിച്ച വിവാഹം—മധുരമായ ദാമ്പത്യജീവിതം—അതിനെ ഉറപ്പിക്കുവാനുടലെടുത്ത പൊന്നുമകൻ—ഓവർസീയറുടെ വരവും അടിപിടുത്തവും—നീലാണ്ടന്റെ തിരോധാനം—അങ്ങനെയൊരായിരം മായാത്ത ചിത്രങ്ങൾ സ്മരണയുടെ മണ്ഡലത്തിൽനിന്നു ഉയർന്നു് അവളുടെ മുമ്പിൽ നിരന്നു. അവയെല്ലാമവളെ പൊട്ടിക്കരയിക്കുവാൻ പ്രാപ്തങ്ങളായിരുന്നു.

X　　　X　　　X　　　X

പിറ്റേ ദിവസത്തെ ഘോഷയാത്രയുടെ മുന്നിൽ കൊടിയും പിടിച്ചു നിന്നിരുന്നതു് ഒരു സ്ത്രീ—മാധവി—യായിരുന്നു. ആളുകൾ അതിശയിച്ചുപോയി. അതെ അവസാനമായി ആ തുപ്പുകാരി ജീവിക്കുവാൻവേണ്ടി അവളുടെ ഭർത്താവു ചെയ്തുവന്ന സമരത്തിന്റെ ബാക്കിഭാഗമഭിനയിക്കുവാനിറങ്ങിയിരിക്കയാണു്.

മുദ്രാവാക്യകോലാഹലങ്ങളോടെ ആ ഘോഷയാത്ര ഉൾനാടു മുഴുവൻ സഞ്ചരിച്ചു് പട്ടണത്തിലേയ്ക്കു മടങ്ങി. ആ ശ്മശാനത്തിന്റെ സമീപം വന്നപ്പോൾ അവൾ ആ ചിതയുടെ നേരേനോക്കി

അല്പനേരം നിന്നുപോയി—അവളുടെ അച്ഛന്റെ ഭൗതികാവശി ഷ്ടങ്ങൾ വെന്തെരിഞ്ഞ സ്ഥലത്തേക്ക്.

ഒരു നിമിഷത്തിനുശേഷം വീണ്ടുമവളു മുന്നോട്ടു നീങ്ങി. അവളുടെ നിർമ്മല നയനങ്ങളിൽ മൂന്നു നാലു പളിങ്കു മണികൾ മിന്നിയതു് റോഡിൽനിന്നുയർന്നപൊടിപടലത്തിന്നിടയിൽ ആരും കണ്ടിരിക്കാനിടയില്ല.

പട്ടണത്തോടടുക്കുന്തോറം ആ വിളികളും ഇരവങ്ങളും വർദ്ധിച്ചു. പായലിനിടയിലെ ചെന്താമരപ്പൂപോലെ ഉയർന്നുയർന്നു വന്ന പൊടിപടലത്തിന്നിടയിൽ ആ പതാക തിളങ്ങി. കാർമ്മേഘ നിർമ്മുക്തനായ പൂർണ്ണചന്ദ്രനെപ്പോലെ വികസിതമായി, അതുകണ്ടപ്പോളവളുടെ മുഖം.

ഒരു'വാൻ' എതിരേ വന്നുനിന്നു. അതിൽനിന്നും ശതക്കണക്കിനു് ആളുകൾ ഇറങ്ങി, കയ്യിൽ ഓരോ തോക്കുമായി.

അവരുടെ ലക്ഷ്യം തെററിയില്ല. ആദ്യത്തെ ഉണ്ട അവളുടെ മാറുതുളച്ചുകത്തുകടന്നു. അതിന്റെ പ്രതീകാരമെന്നോണം കുറെ കട്ടച്ചോര വെളിയിലേയ്ക്കു് ആ ദ്വാരത്തിൽനിന്നും പാഞ്ഞു. വീണ്ടും ആ തോക്കുകൾ തീ ചീറവന്നതു കണ്ടു് രക്തം നിലത്തേയ്ക്കു താണു.

കുറെ സമയത്തേയ്ക്കു് ഇരട്ടക്കുഴൽത്തോക്കുകൾ ഗർജ്ജിച്ചുകൊണ്ടേയിരുന്നു. അതു കണ്ടുകൊണ്ടിരിക്കുവാനശക്തനെന്ന മട്ടിൽ ആദിത്യൻ മുഖം മൂടിക്കളഞ്ഞു. ഒരു ധൂമപടലം അംബരത്തോളം ഉയർന്നു നിണത്തിൽ കിടന്നു പിടയ്ക്കുന്ന ആ ശരീരങ്ങളെ ലോകത്തിൽ നിന്നു മറച്ചു.

നിരപരാധിത്വത്തെ നിണമണിയിക്കുന്ന നിയമം തലയുയർത്തി അതു ശരിയെന്നു സമ്മതിച്ചു.

—•—

(സമാപ്തം)

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. MF3 Acc. No. 86953

This book should be returned on or before the date last stamped below.

27 JUN 1989

25 JUL 1989

SEP 1989

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF3 86953

Pra. T

പ്രഭാകരൻ നായർ-ജി.

ആശ്ചര്യകാരി.